

# ഹദ്റത്ത് അഹ്മദ് (അ)

എച്ച്. ശംസുദ്ദീൻ

## HADHRATH AHMAD(A)

This booklet on the life of Hadhrat Ahmad(a). The Holy Founder of the Ahmadiyya Movement, is meant for the school going children. Its lucid and simple style would appeal to young and old. The author, Moulvi Shamsuddeen Sahib Kavasseri has herein rendered a great service to the new generation. The booklet is being published by Islam International Publications, Kerala

# ഹദ്റത്ത് അഹ്മദ് (അ)

# ഹദ്റത്ത് അഹ്മദ് (അ)

എച്ച്. ശംസുദ്ദീൻ

ഇസ്‌ലാം ഇന്റർനാഷണൽ പബ്ലിക്കേഷൻസ്, കേരള

**Hadhrath Ahmad(a)**
(Malayalam)

Author :
H. Shamsuddin

Printed at:
BRB Offset, Thavakkara, Kannur- 17

Published by :
Islam International Publications, Kerala

Copies: 3000

I^st^ Edition : December 2006

Price: 20/-

# പ്രസ്താവന

അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ സ്ഥാപകരായ ഹദ്‌റത്ത് അഹ്മദ്(അ)ന്റെ ജീവിതത്തെക്കുറിച്ച് കുട്ടികൾക്ക് ധാരണയുണ്ടാക്കാൻ വേണ്ടി രചിക്കപ്പെട്ടതാണ് ഈ പുസ്തകം. വളരെ ലളിതവും സരളവുമായ പ്രതിപാദനരീതിയാണ് ഇവിടെ സ്വീകരിച്ചിരിക്കുന്നത്. വാഗ്ദത്ത മസീഹിന്റെ സംഭവബഹുലമായ ജീവിതത്തെ ഒരു ചെപ്പിലൊതുക്കി ഇതിൽ അവതരിപ്പിച്ചിരിക്കുന്നു. ഭാവിയുടെ വാഗ്ദാനങ്ങളായ നമ്മുടെ കുട്ടികൾക്ക് അറിവും സൽസ്വഭാവവും ഒരുപോലെ നേടാൻ ഇത് സഹായകമാവട്ടെ എന്നതാണ് പ്രാർത്ഥന. കുട്ടികളെ ഉദ്ദേശിച്ച് രണ്ടാമത്തെ പുസ്തകമാണ് ഇവിടെ പുറത്തിറക്കുന്നത്. ഇനിയും നിരവധി പുസ്തകങ്ങൾ അവർക്കായി ഉദ്ദേശിക്കുന്നുണ്ട്.

ഹദ്‌റത്ത് അഹ്മദ്(അ) എന്ന ഈ പുസ്തകം എഴുതിയത് മൗലവി എച്ച്. ശംസുദ്ദീൻ സാഹിബാണ്. ഈ പുസ്തകത്തിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും അല്ലാഹുവിന്റെ അനുഗ്രഹം ലഭിക്കുമാറാകട്ടെ. ആമീൻ.

കണ്ണൂർ                                                                                    സദ്ർ

15.12.2006

# സമർപ്പണം



**കലന്തൻകോയാ ഹാജി സാഹിബിന്**

കോഴിക്കോട് ജമാഅത്തിലെ ഒരു പ്രശസ്ത വ്യക്തിയായിരുന്നു മർഹൂം പന്തക്കലകത്ത് പുതിയപുരയിൽ കലന്തൻകോയാ ഹാജി സാഹിബ്. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിലെ ത്യാഗീവര്യരിൽ പ്രമുഖനാണ് അദ്ദേഹം. അഹ്മദിയ്യാ വിശ്വാസം സ്വീകരിക്കയാൽ ബഹിഷ്കരണത്തിനും പന്തിവിരോധത്തിനും വിധേയരാക്കപ്പെടുകയും മർദ്ദനം ഏറ്റുവാങ്ങേണ്ടിവരികയും ചെയ്ത യുവാക്കൾക്ക് അദ്ദേഹമൊരു അത്താണിയായിരുന്നു.

അഹ്മദികൾക്ക് ഇതര മുസ്‌ലിംകൾ പള്ളിപ്രവേശനം നിഷേധിച്ചപ്പോൾ തന്റെ ഗൃഹാങ്കണത്തിൽ ഒരു ചെറിയ കെട്ടിടം നിർമ്മിച്ച് പ്രാർത്ഥനയ്ക്ക് സൗകര്യമൊരുക്കിക്കൊടുത്ത, കോഴിക്കോട്ട് ജമാഅത്തിന്റെ പ്രഥമാധ്യക്ഷനായിരുന്ന ഹാജി സാഹിബിനെ ആദരവോടെയല്ലാതെ സ്മരിക്കാനാവില്ല. കോഴിക്കോട്ടെ ദാറുൽസ്സലാം പള്ളിയും ജമാഅത്തിന്റെ ദൈനംദിന ചെലവുകൾക്ക് വേണ്ട വരുമാനമുള്ള കെട്ടിടങ്ങളും ജമാഅത്തിന് ദാനം ചെയ്തത് കോഴിക്കോട് ജമാഅത്തിന്റെ ദീർഘകാല പ്രസിഡന്റായിരുന്ന ഇദ്ദേഹവും ആദ്യഭാര്യയും ചേർന്നാണ്.

ഈ ഗ്രന്ഥം പ്രസിദ്ധം ചെയ്യാൻ വേണ്ട ധനസഹായം നൽകിയത് ജ: കലന്തൻകോയാ സാഹിബിന്റെ രണ്ടാംഭാര്യ വഴിക്കുള്ള പൗത്രനായ ജ: മുഹമ്മദ് റിയാസ് സാഹിബ് പഴയങ്ങാടിയാണ്. ഈ സന്മനസ്സിന് അല്ലാഹു ഈ ലോകത്തും പരലോകത്തും അദ്ദേഹത്തിന് തക്കതായ പ്രതിഫലം നൽകട്ടെ എന്ന പ്രാർത്ഥനയോടെ ഈ ഗ്രന്ഥം മർഹൂം ഹാജിസാഹിബിന്റെ പാവനസ്മരണയ്ക്കായി സമർപ്പിക്കുന്നു.

# കൃതജ്ഞത

റബ്‌വയിലെ ജനാബ് ഖുർശിദ് അഹ്‌മദ് സാഹിബ് രചിച്ച 'അഹ്‌മദീ ബച്ചോം കേലിയേ താരീഖെ അഹ്‌മദിയ്യത്ത്' എന്ന പുസ്തകത്തിൽ ഹദ്‌റത്ത് അഹ്‌മദ്(അ)നെ കുറിച്ച് പ്രതിപാദിക്കുന്ന അദ്ധ്യായത്തെ ആസ്പദമാക്കിയാണ് ഈ ചെറുഗ്രന്ഥം തയ്യാറാക്കിയിട്ടുള്ളത്. ഹദ്‌റത്ത് അഹ്‌മദ്(അ)നെക്കുറിച്ച് വിരചിതമായ മറ്റ് ചരിത്ര ഗ്രന്ഥങ്ങളുടെ സഹായത്തോടെ ആവശ്യമുള്ള സ്ഥലങ്ങളിൽ വിശദീകരണങ്ങളും നൽകിയിട്ടുണ്ട്.

ഹദ്‌റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ ലഘുചരിത്രം കുട്ടികളെക്കൂടി കണക്കിലെടുത്ത് വഖ്ഫെനൗ പാഠ്യപദ്ധതി അനുസരിച്ച് തയ്യാറാക്കിയിട്ടുള്ളതാണ്. ഇതിന്റെ രചനയിൽ പ്രിയ സുഹൃത്ത് ജനാബ് മൗലവി മുഹമ്മദ് നജീബ്ഖാൻ സാഹിബിന്റെ പ്രേരണ പ്രത്യേകം സ്മരണീയമാണ്. ഇതിന്റെ സംശോധന നിർവ്വഹിച്ചത് ബഹുമാന്യരായ മൗലവി മുഹമ്മദ് ഇസ്മായീൽ സാഹിബ് (സദ്ർ, റിവ്യൂ കമ്മിറ്റി കേരള) ആണ്. കയ്യെഴുത്ത് പ്രതി തയ്യാറാക്കുന്നതിൽ എസ്. ലൂഖ്മാൻ അഹ്‌മദ് കാവശ്ശേരി (S/O ജനാബ് എച്ച്. സുലൈമാൻ സാഹിബ്)യുടെ ആത്മാർഥമായ സഹകരണവും കൃതജ്ഞതാർഹമാണ്. ജസാഹുമുല്ലാഹു തആല.

അല്ലാഹു ഈ ചെറുഗ്രന്ഥത്തെ തബ്‌ലീഗിനും തർബിയ്യത്തിനും ഉപകാരപ്രദമാക്കുമാറാകട്ടെ. ആമീൻ.

കാവശ്ശേരി,
10.11.1385 / 2006.

എച്ച്. ശംസുദ്ദീൻ,
മുബല്ലിഗ് സിൽസില



ഹദ്റത്ത് അഹ്മദ് (അ)
വാഗ്ദത്ത മഹ്ദീ മസീഹ്

# ഹദ്റത്ത് അഹ്മദ് (അ)

**അ**ഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ അഭിവന്ദ്യസ്ഥാപകർ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി(അ) 1835 ഫെബ്രുവരി 13 വെള്ളിയാഴ്ച രാവിലെ ഇന്ത്യയിലെ പഞ്ചാബ് സംസ്ഥാനത്ത് ഖാദിയാൻ എന്ന സ്ഥലത്താണ് ഭൂജാതരായത്. അദ്ദേഹത്തിന്റെ പിതാവിന്റെ പേര് മിർസാ ഗുലാം മുർത്തളാ എന്നും, മാതാവിന്റെ പേര് ചിറാഗ്ബീബി എന്നുമായിരുന്നു. പിതാമഹൻ മിർസാ അത്വാമുഹമ്മദും, പ്രപിതാമഹൻ മിർസാ ഗുൽമുഹമ്മദും ആണ്.

മുഗൾകുടുംബത്തിലെ ബർലാസ് എന്ന വംശത്തിലാണ് ആ മഹാത്മൻ ഉൾപ്പെടുന്നത്. ഈ വിഭാഗത്തെ തിരിച്ചറിയുന്ന പേരാണ് 'മിർസാ'.

ഈ കുടുംബത്തിലെ മിർസാ ഹാദിബേഗ് എന്നു പേരുള്ള ഒരു മഹാൻ ക്രിസ്ത്വാബ്ദം 16-ാം നൂറ്റാണ്ടിന്റെ (ഹിജ്റ 10-ാം നൂറ്റാണ്ട്) അവസാനം, ബാബർ ചക്രവർത്തിയുടെ കാലത്ത്, തന്റെ സ്വദേശമായ ഖുറാസാനിൽനിന്ന്, ഏകദേശം 200 പേരോടൊപ്പം ഇന്ത്യയിലെത്തി. ബിയാസ് നദിക്കടുത്താണ് അവർ താവളമാക്കിയത്. ഇവിടെ അവർ ഒരു ഗ്രാമത്തിന് അടിത്തറയിട്ടു. അതിന്റെ പേര് ഇസ്ലാംപൂർ എന്നായിരുന്നു. ഇത് പിന്നീട് 'ഇസ്ലാംപൂർ ഖാസി മാജി' എന്ന് പ്രസിദ്ധമായി. പിന്നെപ്പിന്നെ ജനങ്ങൾ 'ഖാസിമാജി' (Qazi Majhi) എന്ന് പറയാൻ തുടങ്ങി. തുടർന്ന് മാജി ഇല്ലാതായി. ഖാസി (Qazi) മാത്രമായി. ഖാസി (Qazi) പിന്നീട് ഖാദിയും, ഖാദി ഖാദിയാനും ആയിമാറി.

വാഗ്ദത്ത മസീഹായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)ന്റെ കുടുംബം മുഗൾകാലഘട്ടത്തിൽ ഒട്ടേറെ വിശിഷ്ടപദവികളിൽ ഉപവിഷ്ഠരായിരുന്നു. മുഗൾ സാമ്രാജ്യം ക്ഷയിച്ചപ്പോൾ ഈ കുടുംബം ഖാദിയാനും, ഏകദേശം 60 മൈൽ ചുറ്റുവട്ടത്തുള്ള പ്രദേശത്തും സ്വതന്ത്രമായി ഭരണം നടത്തി. സിക്കുകാരുടെ കാലത്ത് അതും

ദുർബ്ബലമായി. ഒരുപാട് പ്രദേശങ്ങൾ കൈവിട്ടുപോവുകയും ചെയ്തു. എന്തിനധികം, ഏകദേശം 16 വർഷം ഈ കുടുംബത്തിന് ഖാദിയാനിൽനിന്ന് ഹിജ്റത്ത് ചെയ്ത് കപൂർത്തലയിൽ താമസിക്കേണ്ടിവന്നു. പിന്നീട് മഹാരാജാ രഞ്ജിത്ത്സിംഗിന്റെ കാലത്താണ് ഈ കുടുംബം വീണ്ടും ഖാദിയാനിൽ എത്തിയത്. ബ്രിട്ടീഷുകാരുടെ ഭരണകാലത്ത് ഈ കുടുംബത്തിന്റെ മറ്റ് സ്വത്തുക്കളും കണ്ടുകെട്ടി. എങ്കിലും ഖാദിയാനിലും, അതിന്റെ ചുറ്റുവട്ടത്തുമുള്ള പ്രദേശങ്ങളിലും ഇവരുടെ ഉടമസ്ഥാവകാശം നിലനിന്നിരുന്നു.

### ജനനവും കുട്ടിക്കാലവും

ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ) 1835 ഫെബ്രുവരി 13-ന് സുബ്ഹി നമസ്കാരത്തിന്റെ സമയത്താണ് ജനിച്ചത്. യുഗ്മജനായാണ് അദ്ദേഹം ജനിച്ചത്. അതായത് അദ്ദേഹത്തോടൊപ്പം ഒരു പെൺകുട്ടിയും ജനിച്ചിരുന്നു. ആ കുട്ടിയുടെ പേര് ജന്നത്ത് ബീബി എന്നായിരുന്നു. വളരെ ചെറുപ്പത്തിൽത്തന്നെ വഫാത്തായി.

ഹദ്റത്ത് അഹ്മദ്(അ)ന് 6, 7 വയസ്സ് പ്രായമായപ്പോൾ അദ്ദേഹത്തെ പഠിപ്പിക്കുന്നതിനുവേണ്ടി ഒരു അദ്ധ്യാപകനെ നിശ്ചയിച്ചു. അദ്ദേഹത്തിൽനിന്നാണ് വിശുദ്ധഖുർആനും അക്കാലത്തെ രീതിയനുസരിച്ച് ചില ഫാർസി ഗ്രന്ഥങ്ങളും പഠിച്ചത്. തുടർന്ന് മറ്റുരണ്ട് അദ്ധ്യാപകരിൽനിന്ന് ഫാർസിയും അറബിയും പഠിച്ചുകൊണ്ടിരുന്നു. വൈദ്യശാസ്ത്ര ഗ്രന്ഥങ്ങൾ പഠിച്ചത്, വലിയൊരു ഭിഷഗ്വരനായിരുന്ന സ്വന്തം പിതാവിൽനിന്നുതന്നെയാണ്. ഏതെങ്കിലും അദ്ധ്യാപകരിൽനിന്ന് കൃത്യമായി ദീനീവിദ്യാഭ്യാസമൊന്നും ആർജ്ജിച്ചിരുന്നില്ല. സ്വന്തം നിലയ്ക്ക് മതഗ്രന്ഥങ്ങൾ പാരായണം ചെയ്തിരുന്നു. വിശുദ്ധഖുർആൻ പാരായണം ചെയ്യാനും അതിൽ പരിചിന്തനം ചെയ്യാനും തുടക്കം മുതലേ അദ്ദേഹത്തിന് അതീവ താൽപര്യമായിരുന്നു.

### സ്വഭാവം

ഹദ്റത്ത് അഹ്മദ്(അ)ന്റെ കുട്ടിക്കാലം അതീവലളിതവും പരമപരിശുദ്ധവും ആയിരുന്നു. ഒരു ഉന്നതകുലജാതനായിരുന്നിട്ടുകൂടി അദ്ദേഹം അനാവശ്യ കളികളിലോ നേരംപോക്കുകളിലോ ഏർപ്പെട്ടിരുന്നില്ല. പക്ഷേ, പ്രയോജനപ്രദവും ഗുണപ്രദവുമായ കളികളിൽ

തീർച്ചയായും പങ്കെടുത്തിരുന്നു. ചെറുപ്പത്തിൽത്തന്നെ നീന്താൻ പഠിച്ചു. കുതിരസവാരിയിലും നിപുണനായിരുന്നു. അദ്ദേഹത്തിന്റെ സൽസ്വഭാവങ്ങളും ലാളിത്യവും പരിശുദ്ധിയും അന്യരെ ഹഠാദാകർഷിച്ചിരുന്നു. ഒരു വലിയ സൂഫിവര്യനും വലിയുല്ലായുമായിരുന്ന മൗലവി ഗുലാം റസൂൽ സാഹിബ് ഒരിക്കൽ ആ കുട്ടിയുടെ ശിരസ്സിൽ തലോടിക്കൊണ്ട് പറഞ്ഞു. "ഇക്കാലഘട്ടത്തിൽ ആരെങ്കിലും നബിയാകുമെങ്കിൽ ഈ കുട്ടി നുബുവ്വത്തിന് യോഗ്യനാണ്." (ഹ*യാത്തെത്വയ്യിബ, പേജ് 14*)

**യുവത്വം**

15-16 വയസ്സ് പ്രായമായപ്പോൾ അദ്ദേഹത്തിന്റെ വിവാഹം മാതുലന്റെ പുത്രി ഹുർമത്ത് ബീവി സാഹിബയുമായി നടന്നു. ഈ വിവാഹത്തിൽ അദ്ദേഹത്തിന് രണ്ട് കുട്ടികൾ ജനിച്ചു. (1) ഹദ്റത്ത് മിർസാ സുൽത്താൻ അഹ്മദ് സാഹിബ്- ഉന്നത സർക്കാർ ഉദ്യോഗങ്ങളിൽ ഉപവിഷ്ഠനായിരുന്നു. രണ്ടാം ഖിലാഫത്ത് കാലത്ത് ബയ്അത്ത് ചെയ്തു. 1931-ൽ വഫാത്തായി. (2) മിർസാ ഫസ്ൽ അഹ്മദ് സാഹിബ്- ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലത്തുതന്നെ വഫാത്തായിരുന്നു.

വിവാഹത്തിനുശേഷവും ആ മഹാത്മന്റെ ജീവിതത്തിലധിക സമയവും ദൈവസ്തോത്രത്തിലും ദൈവസ്മരണയിലുമാണ് കഴിഞ്ഞത്. അദ്ദേഹത്തിന്റെ പിതാവ്, മകന് ഒരു ഭൗതികജോലി നേടിക്കൊടക്കണമെന്നും അതിൽ അഭിവൃദ്ധിപ്പെടണമെന്നും അതിയായി ആഗ്രഹിച്ചിരുന്നു. പക്ഷേ, അദ്ദേഹം അത് ഇഷ്ടപ്പെട്ടതേയില്ല. എങ്കിലും പിതാവിന്റെ ആഗ്രഹപ്രകാരവും അദ്ദേഹത്തെ അനുസരിച്ചുകൊണ്ടും ഭൂമിസംബന്ധമായ ചില കേസുകൾക്ക് പോയിക്കൊണ്ടിരുന്നു. 1864-ൽ സിയാൽക്കോട്ടിൽ നാലുവർഷം സർക്കാർ ജോലിയും ചെയ്തു. പക്ഷേ, അദ്ദേഹത്തിന് ആ ജോലിയോട് ഒരു പ്രതിപത്തിയും ഇല്ലായിരുന്നു. 'ഇവിടെ എനിക്ക് കാരാഗൃഹമായി തോന്നുന്നു' എന്നാണ് അദ്ദേഹം പറഞ്ഞിരുന്നത്. ഒഴിവുസമയങ്ങളധികവും വിശുദ്ധഖുർആൻ പാരായണത്തിലും ഇബാദത്തുകളിലും ക്രിസ്ത്യാനികളുമായി ഇസ്ലാമിന്റെ സത്യത്തെക്കുറിച്ചുള്ള ചർച്ചകളിലുമാണ് അദ്ദേഹം ചെലവഴിച്ചത്.

1867-ൽ അദ്ദേഹം, പിതാവിന്റെ നിർദ്ദേശപ്രകാരം സർക്കാർ

ഉദ്യോഗം രാജിവെച്ച് ഖാദിയാനിൽ തിരിച്ചെത്തി. ഈ വർഷം തന്നെ യാണ് മാതാവ് മരണപ്പെട്ടതും. മാതൃവിയോഗവേദന അദ്ദേഹം അക്ഷോഭ്യനായി നേരിട്ടു.

**ഇൽഹാം**

1868-69-ൽ ഒരാൾ ഹദ്റത്ത് അഹ്മദ്(അ)നെ മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവിയുമായി ചർച്ച നടത്താൻ കൊണ്ടുപോയി. മൗലവി അഹ്ലെ ഹദീസ് കക്ഷിക്കാരനായിരുന്നു. അക്കാലത്ത് ഈ വിഭാഗത്തിന് ശക്തമായ എതിർപ്പുകളാണ് ഉണ്ടായിരുന്നത്. ബട്ടാ ലവിയുടെ വാദങ്ങളെ തെറ്റാണെന്ന് സ്ഥാപിച്ചുകാട്ടാനായിരുന്നു ഹദ്റത്ത് അഹ്മദി(അ)നെ ചർച്ചക്ക് കൊണ്ടുപോയത്. ആ മഹാ ത്മൻ, ബട്ടാലവിയോട് അദ്ദേഹത്തിന്റെ വിശ്വാസപ്രമാണങ്ങൾ എന്താ ണെന്ന് ചോദിച്ചു. തന്റെ വിശ്വാസപ്രമാണങ്ങൾ, ഇസ്ലാമിക വിശ്വാ സപ്രമാണങ്ങൾ തന്നെയാണെന്ന് ബട്ടാലവി പറഞ്ഞപ്പോൾ ആ മഹാ ത്മൻ നിറഞ്ഞ സദസ്സിനോട് പറഞ്ഞു: "ഈ പ്രമാണങ്ങൾ ശരിയാ യവയാണ്, ഇതിനോട് വാദപ്രതിവാദം നടത്താൻ സാധ്യമല്ല." അദ്ദേ ഹത്തെ കൂട്ടിക്കൊണ്ടുപോയവർക്ക് നീരസമുണ്ടായി. അവർ പറ ഞ്ഞു താങ്കൾ ഞങ്ങളെ അപമാനിച്ചിരിക്കുകയാണ്. അതുകേട്ടപ്പോൾ ഹദ്റത്ത് അഹ്മദ്(അ) അവരോട് പറഞ്ഞു, ഞാൻ ചെയ്തതെല്ലാം അല്ലാഹുവിനെ മുൻനിർത്തിക്കൊണ്ട് മാത്രമാണ്. ഞാൻ ജനങ്ങ ളുടെ പ്രശംസയേയോ പ്രകോപനത്തേയോ ഗൗനിക്കുന്നില്ല.

ഈ സംഭവത്തിൽ അല്ലാഹു സന്തോഷം പ്രകടിപ്പിച്ചുകൊണ്ട് അദ്ദേഹത്തിന് ഇപ്രകാരം ഇൽഹാം അറിയിച്ചു. "അല്ലാഹു നിന്റെ ഈ പ്രവൃത്തിയിൽ സന്തുഷ്ടനായിരിക്കുന്നു. അവൻ നിനക്ക് അനു ഗ്രഹത്തിനുമേൽ അനുഗ്രഹം നൽകും. ഏതുവരെയെന്നാൽ രാജാ ക്കന്മാർ നിന്റെ വസ്ത്രത്തിൽനിന്ന് അനുഗ്രഹം തേടും." (*ബറാ ഹീനെ അഹ്മദിയ്യാ, ഭാഗം 4, പേജ്-520*)

1875-76-ൽ ദൈവിക നിർദ്ദേശപ്രകാരം 8,9 മാസത്തോളം അദ്ദേഹം തുടർച്ചയായി നോമ്പനുഷ്ഠിച്ചു. ഭക്ഷണം പരമാവധി കുറ ക്കുകയും ആത്മീയകാര്യങ്ങളിൽ കൂടുതൽ ശ്രദ്ധാലുവാകുകയും ചെയ്തു. അനേകം ആത്മീയാനുഗ്രഹങ്ങൾക്ക് അദ്ദേഹം പാത്രീഭൂ തനായി. സ്വപ്നത്തിലും കശ്ഫി (ജാഗ്രതാദർശനം)ലുമായി മുൻക ടന്ന നിരവധി പ്രവാചകന്മാരുമായും വരിഷ്ഠാത്മാക്കളുമായും കൂടി

ക്കാഴ്ചയ്ക്കും അവസരം ലഭിച്ചു.

### പിതാവിന്റെ മരണം

1876-ൽ പിതാവ് മരണപ്പെട്ടു. എന്തെന്തെല്ലാം പ്രശ്നങ്ങളാണ് ഇനി അഭിമുഖീകരിക്കേണ്ടിവരികയെന്ന് ചിന്തിച്ച് അദ്ദേഹം വ്യാകുലനായി. അപ്പോൾ അല്ലാഹു അദ്ദേഹത്തിന് ഇങ്ങനെ ഇൽഹാം അറിയിച്ചു. ***അലയ്സല്ലാഹു ബികാഫിൻ അബ്ദഹൂ***. അല്ലാഹു തന്റെ ദാസന് മതിയായവനല്ലേ? (*കിതാബുൽ ബരിയ്യ, അടിക്കുറിപ്പ്, പേ-159*) ഈ ഇൽഹാം അദ്ദേഹത്തിന് സമാധാനവും ആശ്വാസവും പ്രദാനം ചെയ്തു.

പിതാവിന്റെ മരണത്തിനുശേഷം കുടുംബസ്വത്തുക്കളുടെ കൈകാര്യകർത്താവ് അദ്ദേഹത്തിന്റെ ജ്യേഷ്ഠസഹോദരൻ മിർസാ ഗുലാം ഖാദിർ സാഹിബായിരുന്നു. തന്റെ സ്വത്ത്വിഹിതം വേർപെടുത്തി ഹദ്റത്ത് അഹ്മദ്(അ)ന് സ്വസ്ഥമായി ജീവിതം തള്ളിനീക്കാമായിരുന്നെങ്കിലും അദ്ദേഹമത് ഇഷ്ടപ്പെട്ടില്ല. ജ്യേഷ്ഠൻ നൽകുന്നതിൽ തൃപ്തനായി ജീവിച്ചുപോന്നു. ഈ കാലഘട്ടം വളരെ ബുദ്ധിമുട്ടിയാണ് അദ്ദേഹത്തിന് കഴിച്ചുകൂട്ടേണ്ടിവന്നത്. ചെറിയ ചെറിയ ജീവിതാവശ്യങ്ങൾ സാധിക്കുന്നതിനുപോലും വളരെ വിഷമിച്ചു. എങ്കിലും ക്ഷമയോടുകൂടിയും അല്ലാഹുവിനോട് നന്ദി കാണിച്ചുകൊണ്ടും ഈ ഘട്ടവും അദ്ദേഹം തരണം ചെയ്തു. തന്റെ ഭക്ഷണമധികവും സാധുക്കൾക്കിടയിൽ വിതരണം ചെയ്യുകയും സ്വയം വളരെ കുറച്ചുമാത്രം ഭക്ഷിക്കുകയുമായിരുന്നു പതിവ്.

### ബറാഹീനെ അഹ്മദിയ്യാ

ഇക്കാലത്ത് ഹദ്റത്ത് അഹ്മദ്(അ) ഇസ്ലാമിന്റെ സത്യത സ്ഥാപിച്ചുകൊണ്ട് പത്രങ്ങളിൽ ലേഖനങ്ങൾ എഴുതാൻ തുടങ്ങി. ഈ ലേഖനങ്ങൾ ഒരുപാട് ചർച്ചകൾക്ക് ഹേതുവായി. കാരണം ഇസ്ലാമിന്റെ സത്യസാക്ഷ്യത്തിലേക്ക് അദ്ദേഹം സമർപ്പിച്ച നിരവധി തെളിവുകൾക്കുമുമ്പിൽ ശത്രുക്കൾ പകച്ചുനിൽക്കുകയായിരുന്നു.

കുറച്ചുകാലത്തിനുശേഷം, വിശുദ്ധഖുർആന്റേയും ഹദ്റത്ത് നബി(സ) തിരുമേനിയുടേയും സത്യസാക്ഷ്യത്തിനുള്ള അനിഷേധ്യ തെളിവുകൾ നിരത്തിക്കൊണ്ട് ഒരു ഗ്രന്ഥപരമ്പര എഴുതാനാരംഭിച്ചു. 'ബറാഹീനെ അഹ്മദിയ്യാ' എന്ന പേരിൽ പ്രസിദ്ധമായ ഈ

ഗ്രന്ഥസമാഹാരത്തിന്റെ മഴുവൻ പേര് 'അല്ലാഹുവിന്റെ ഗ്രന്ഥമായ ഖുർആന്റേയും മുഹമ്മദീ നുബുവ്വത്തിന്റേയും സത്യത്തിലേക്കുള്ള അഹ്മദിയ്യാ പ്രമാണങ്ങൾ' എന്നാണ്.

ഈ ഗ്രന്ഥത്തിന്റെ ആദ്യഭാഗം 1880-ലും രണ്ടാംഭാഗം 1881-ലും മൂന്നാംഭാഗം 1882-ലും നാലാം ഭാഗം 1884-ലും പ്രസിദ്ധപ്പെടുത്തി. ഈ ഗ്രന്ഥരചന ഹദ്റത്ത് അഹ്മദ്(അ)നെ രാജ്യമൊട്ടുക്കും പ്രസിദ്ധനാക്കി. ശത്രുക്കളും മിത്രങ്ങളും ഒരുപോലെ അദ്ദഹത്തിന്റെ കഴിവുകളെ അംഗീകരിക്കാൻ നിർബന്ധിതരായി. മുസ്ലിംകൾ അത്യധികം സന്തോഷിച്ചു. പ്രസിദ്ധ മുസ്ലിംപണ്ഡിതൻ മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവി- ഇദ്ദേഹം പിന്നീട് ഹദ്റത്ത് അഹ്മദ് (അ)ന്റെ ബദ്ധവൈരിയായി മാറി- ഈ ഗ്രന്ഥത്തെക്കുറിച്ച് പറഞ്ഞത് ഇങ്ങനെയാണ്. "നമ്മുടെ അഭിപ്രായത്തിൽ ഇക്കാലഘട്ടത്തിൽ നിലവിലുള്ള സ്ഥിതിഗതികളുടെ അടിസ്ഥാനത്തിൽ ഈ ഗ്രന്ഥത്തിന് തത്തുല്യമായ ഒന്ന് ഇസ്ലാമിൽ ഇന്നേവരെ രചിക്കപ്പെട്ടിട്ടില്ല. (*ഇശാഅത്തുസ്സുന്നഃ*)

ഇസ്ലാമിന്റെ ശത്രുക്കളിലും ഈ ഗ്രന്ഥരചന പ്രഭാവം ചെലുത്തി. ഈ ഗ്രന്ഥത്തിന് മറുപടി എഴുതുന്നവർക്ക് സമ്മാനത്തുക വാഗ്ദാനം ചെയ്യുകയും ഇസ്ലാമിന്റെ നിറന്നസാക്ഷ്യങ്ങളെ ഖണ്ഡിക്കാൻ അമുസ്ലിംകളെ വെല്ലുവിളിക്കുകയും ചെയ്തു. പക്ഷേ, ഒരൊറ്റ ശത്രുവിനും രംഗത്തുവരാൻ ധൈര്യമുണ്ടായില്ല. എങ്കിലും ഹദ്റത്ത് അഹ്മദ്(അ)ന് എതിരിൽ അവരുടെ ശത്രുത നാൾക്കുനാൾ വർദ്ധിച്ചു. വിവിധതരത്തിൽ അദ്ദേഹത്തെ ഉപദ്രവിക്കാൻ അവർ ഉപായങ്ങൾ മെനഞ്ഞു. പക്ഷേ, അവരുടെ എല്ലാ പദ്ധതികളും അമ്പേ പരാജയപ്പെടുകയാണുണ്ടായത്.

**തപാൽകേസ്**

1877-ൽ റലിയറാം എന്നുപേരുള്ള ഒരു ക്രിസ്ത്യൻ വക്കീൽ ഹദ്റത്ത് അഹ്മദ്(അ)ന് എതിരിൽ ഒരു കേസ് ഫയൽ ചെയ്തു. ഈ കേസ് ജമാഅത്തിന്റെ ചരിത്രത്തിൽ 'മുഖദ്ദിമ ഡാക്ക് ഘാനാ' (തപാൽ കേസ്) എന്ന പേരിൽ അറിയപ്പെടുന്നു.

ഹദ്റത്ത് അഹ്മദ്(അ) ഹിന്ദുക്കളിലെ ആര്യസമാജ വിഭാഗത്തിനെതിരിൽ ഇസ്ലാമിന്റെ സത്യസാക്ഷ്യങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട്

ഒരു ലേഖനമെഴുതി അമൃത്സറിലെ ഒരു പ്രസ്സിലേക്ക് കവറിലാക്കി അയച്ചുകൊടുത്തു. അതോടൊപ്പം ഒരു കത്തും വച്ചിരുന്നു. അക്കാലത്തെ തപാൽ നിയമമനുസരിച്ച് ഇത്തരം കവറുകളിൽ കത്തയക്കുന്നത് കുറ്റകരമായിരുന്നു. അതിനുകൊടുത്തിരുന്ന ശിക്ഷ 500 രൂപ പിഴയോ 6 മാസം തടവോ ആയിരുന്നു. പ്രസ്സിന്റെ ഉടമസ്ഥനായിരുന്ന റലിയറാം ഇസ്‌ലാമിന്റെ ശത്രുത കാരണം തപാൽ അധികൃതരെ വിവരമറിയിച്ചു. അതിന്റെ ഫലമായി ഹദ്റത്ത്അഹ്മദ്(അ)നെതിരിൽ കേസ് രജിസ്റ്റർ ചെയ്യപ്പെട്ടു. ഈ ദിവസങ്ങളിൽ അദ്ദേഹം, റലിയറാം ഒരു പാമ്പിനെ തന്നെ കൊത്താൻ വിടുന്നതായും പക്ഷേ താൻ രക്ഷപ്പെടുന്നതായും ഒരു സ്വപ്നത്തിൽ കണ്ടിരുന്നു.

കേസ് കോടതിയിലെത്തിയപ്പോൾ കേസിൽനിന്ന് രക്ഷപ്പെടാൻ അഭിഭാഷകർ ഹദ്റത്ത് അഹ്മദ്(അ)നെ ഉപദേശിച്ചത് താനങ്ങനെയൊരു കത്ത് പ്രസ്തുത കവറിൽ വെച്ചിട്ടില്ലെന്നും റലിയാറാം തന്നോടുള്ള ശത്രുത നിമിത്തം താനങ്ങനെ ചെയ്തുവെന്ന് പറയുകയാണെന്നും കോടതിയിൽ മൊഴി നൽകിയാൽ മതിയെന്നാണ്. പക്ഷേ ആ സത്യാത്മാവ് അതിനു കൊടുത്ത മറുപടി താൻ പ്രസ്തുത കവറിൽ കത്തുവെച്ചിരിക്കെ ശിക്ഷയിൽനിന്ന് രക്ഷപ്പെടുന്നതിനുവേണ്ടി അത് നിഷേധിക്കാൻ സാധ്യമല്ലെന്നും കള്ളം പറയാൻ കഴിയില്ലെന്നുമായിരുന്നു. ഹദ്റത്ത് അഹ്മദ്(അ)ന്റെ മറുപടി കേട്ടപ്പോൾ എങ്കിൽ പിന്നെ രക്ഷപ്പെടാൻ വഴികളൊന്നും കാണുന്നില്ലെന്നായിരുന്നു അഭിഭാഷകർ പറഞ്ഞത്. അദ്ദേഹം പറഞ്ഞു, നമുക്ക് കാത്തിരുന്ന് കാണാം. ഏതായാലും ഞാൻ കള്ളം പറയാൻ തയ്യാറല്ല.

കവറിൽ താങ്കളാണോ കത്ത് വച്ചതെന്ന് കോടതി ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു. അതെ, ഞാൻ തന്നെയാണ് വെച്ചത്. പക്ഷേ, അത് തപാൽ നിയമത്തിനെതിരാണെന്ന് എനിക്കറിയില്ലായിരുന്നു. ഹദ്റത്ത് അഹ്മദ്(അ) തെറ്റ് സമ്മതിച്ചപ്പോൾ ശത്രുക്കൾ ആഹ്ലാദഭരിതരാകുകയും ശിക്ഷാ വിധി കേൾക്കാൻ അവർ കാതുകൂർപ്പിക്കുകയുമായിരുന്നു. ആകാശത്ത് വിധിക്കപ്പെട്ടതല്ലാതെ മറ്റൊന്നും ഭൂമിയിൽ നടക്കില്ലെന്ന് അവർ മനസ്സിലാക്കിയിരുന്നില്ല. ദൈവികപിന്തുണ ആ സത്യാത്മാവിനോടൊപ്പമുണ്ടായിരുന്നു. ന്യായാധിപൻ ഹദ്റത്ത്അഹ്മദ്(അ)ന്റെ സത്യസന്ധതയിലും നന്മയിലും വളരെയധികം പ്രഭാവിതനായി അദ്ദേഹത്തെ നിരുപാധികം

ആദരപൂർവ്വം വെറുതെവിട്ടു.

**ജ്യേഷ്ഠന്റെ മരണം**

1881-ൽ അദ്ദേഹത്തിന്റെ ജ്യേഷ്ഠസഹോദരൻ മിർസാ ഗുലാം ഖാദിർ സാഹിബ് വഫാത്തായി. അദ്ദേഹത്തിന് മക്കളുണ്ടായിരുന്നില്ല. അതുകൊണ്ടുതന്നെ ഹദ്റത്ത് അഹ്മദ്(അ) ആയിരുന്നു സ്വത്തിന്റെ അവകാശി. പക്ഷേ, ആ മഹാത്മാവ് ജ്യേഷ്ഠന്റെ വിധവയുടെ സന്തോഷത്തെ മുൻനിർത്തി സ്വത്തുക്കൾ കൈവശപ്പെടുത്തിയില്ല. ഈ സ്വത്തുക്കൾ ഒരു നീണ്ടകാലം മറ്റു കുടുംബക്കാരുടെ അധീനതയിലായിരുന്നു.

**രണ്ടാം വിവാഹം**

ഹദ്റത്ത് അഹ്മദ്(അ)ന്റെ രണ്ടാം വിവാഹം 1884-ൽ ദൈവിക നിർദ്ദേശപ്രകാരവും ഇൽഹാമിന്റെ അടിസ്ഥാനത്തിലും ഡൽഹിയിലെ സുപ്രസിദ്ധമായ ഒരു സയ്യിദ് കുടുംബത്തിലെ പരിശുദ്ധവതിയായ മഹിളാരത്നം, ഹദ്റത്ത്സയ്യിദ നുസ്റത്ത് ജഹാംബീഗം സാഹിബയുമായി നടന്നു. ഒരു ഇൽഹാമിന്റെ നിറപുലർച്ചകൂടിയായിരുന്നു അത്. ആ ഇൽഹാം ഇപ്രകാരമായിരുന്നു. "നിന്റെ മറ്റൊരു വിവാഹം നടത്തണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. ഈ എല്ലാ കാര്യങ്ങളും ഞാൻതന്നെ ഒരുക്കുന്നതാണ്." (ഹയാത്തെ ത്വയ്യിബ, പേജ്-73). ഹദ്റത്ത് അഹ്മദ്(അ)ന്റെ ശ്വശുരന്റെ പേര് ഹദ്റത്ത് മീർ നാസിർ നവാബ് സാഹിബ് എന്നായിരുന്നു. അദ്ദേഹം വളരെ പരിശുദ്ധനായ ഒരു മഹാത്മാവായിരുന്നു. 1884-ൽ നവംബർ 17-ന് ഡൽഹിയിലെ സുപ്രസിദ്ധ പണ്ഡിതനായ സയ്യിദ് നദീർ ഹുസൈൻ സാഹിബ് മുഹദ്ദിസ് ദഹ്‌ലവി, ഹദ്റത്ത് അഹ്മദ്(അ)ന്റെ നിക്കാഹ് ഖുത്ബ നിർവ്വഹിച്ചു. ഈ വിവാഹം ദൈവിക വാഗ്ദാനപ്രകാരം അനുഗ്രഹപൂർണ്ണമായിരുന്നു. ഇതിൽ ഒട്ടേറെ സുവാർത്തകളാൽ അനുഗൃഹീതരായ പരിശുദ്ധസന്താനങ്ങൾ ഹദ്റത്ത് അഹ്മദ്(അ)ന് ലഭിച്ചു. പ്രസ്തുത സുവാർത്തകളുടെ പൂർത്തീകരണം ഇന്നും ലോകം കണ്ടുകൊണ്ടിരിക്കുന്നു.

**സുവാർത്ത നൽകപ്പെട്ട സന്താനങ്ങൾ**

ഈ വിവാഹത്തിൽ ഹദ്റത്ത്അഹ്മദ്(അ)ന് 10 സന്താനങ്ങൾ ലഭിച്ചു. അവരിൽ അഞ്ചുപേർ ചെറുപ്രായത്തിൽത്തന്നെ വഫാത്തായി.

1. സാഹിബ് സാദി ഇസ്മത്ത് (1886 മെയ്-1891 ജൂലായ്)
2. ബശീർ അവ്വൽ (7.8.1887- 4.11.1888)
3. ഹ. മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(12.1.1889-8.11.1965)
4. സാഹിബ് സാദി ശൗക്കത്ത് (1891-1892)
5. ഹ. മിർസാ ബശീർ അഹ്മദ് (20.4.1893-2.9.1963)
6. ഹ. മിർസാ ശരീഫ് അഹ്മദ് (24.5.1895-26.12.1961)
7. ഹ. നവാബ് മുബാറക്കബേഗം (6.3.1897-23.5.1977)
8. ഹ. മിർസാ മുബാറക് അഹ്മദ് (14.6.1899-16.9.1907)
9. സാഹിബ് സാദി അമത്തുന്നസീർ (28.1.1903-3.12.1903)
10. ഹ. അമത്തുൽ ഹഫീസ് ബേഗം (25.6.1904-1987)

**മുജദ്ദിദ്**

1885-ന്റെ ആരംഭത്തിൽ ഹദ്റത്ത് അഹ്മദ്(അ) ഒരു വിജ്ഞാപനം ഇറക്കി. അതിൽ അദ്ദേഹം ഇസ്ലാമിക ശത്രുക്കളെ, ഇസ്ലാമിന്റെ പുതിയ പുതിയ ദൃഷ്ടാന്തങ്ങൾ കാണാൻ ആഗ്രഹിക്കുന്നുവെങ്കിൽ തന്റെ അടുത്തുവന്ന് ആ ആകാശീയ ദൃഷ്ടാന്തങ്ങൾ കാണാൻ ക്ഷണിച്ചിരുന്നു. കൂടാതെ അല്ലാഹു തന്നെ ഇസ്ലാമിന്റെയും റസൂലുല്ലാഹ്(സ)ന്റെയും സത്യത വെളിപ്പെടുത്തുന്നതിനുവേണ്ടി ഇക്കാലഘട്ടത്തിൽ മുജദ്ദിദും ദൈവനിയോഗിതനുമായി നിശ്ചയിച്ചിരിക്കുകയാണെന്നും വിളംബരപ്പെടുത്തിയിരുന്നു. ഈ നോട്ടീസ് 20,000 കോപ്പികളാണ് അച്ചടിച്ചത്.

**ബയ്അത്ത് വിളംബരം**

1888 ഡിസംബർ 1-ന് ദൈവിക നിർദ്ദേശപ്രകാരം അദ്ദേഹം ഒരു വിളംബരം പ്രസിദ്ധീകരിച്ചു. സത്യസന്ധമായ വിശ്വാസവും ശരിയായ പരിശുദ്ധിയും ആർജ്ജിക്കുന്നതിനുവേണ്ടി താനുമായി ബയ്അത്ത് ചെയ്യാനും അങ്ങനെ ദൈവികാനുഗ്രഹങ്ങൾക്ക് പാത്രീഭൂതരാകാനും അദ്ദേഹം ജനങ്ങളെ ക്ഷണിച്ചു. 1889 ജനുവരി 12-ന് മറ്റൊരു വിജ്ഞാപനത്തിലൂടെ ബയ്അത്തിന്റെ 10 നിബന്ധനകളും വിളംബരപ്പെടുത്തി. അതിന്റെ സംക്ഷിപ്തം ഇതാണ്:

തനിക്ക് ബയ്അത്ത് ചെയ്യാനാഗ്രഹിക്കുന്നവർ അല്ലാഹുവിന്റേയും റസൂൽ(സ)ന്റേയും ആജ്ഞകളനുസരിക്കുന്നതാണ്. ശിർക്ക്, കളവ്, അക്രമം, കുഴപ്പം, അഹങ്കാരം, മിഥ്യാഭിമാനം തുടങ്ങിയ സകലതിന്മകളിൽനിന്നും വിട്ടുനിൽക്കുന്നതാണ്. കൃത്യമായി നമസ്കാരങ്ങൾ അനുഷ്ഠിക്കുന്നതാണ്. അല്ലാഹുവിനുവേണ്ടി

സകല പ്രയാസങ്ങളും സഹിക്കുന്നതാണ്. എല്ലാവരോടും നല്ലരീതിയിൽ വർത്തിക്കുന്നതാണ്. ദീനീസേവനങ്ങളെ ഏറ്റവും പ്രിയപ്പെട്ടതായി ഗണിക്കുന്നതാണ്. സകലജനങ്ങളോടും അനുകമ്പാപൂർവ്വം വർത്തിക്കുന്നതാണ്. മറ്റാരോടും കാണിക്കാത്ത സ്നേഹബന്ധം ഹദ്റത്ത് അഹ്മദു(അ)മായി പുലർത്തുന്നതും മരണംവരെയും പ്രസ്തുത 10 നിബന്ധനകളിലും ഉറച്ചുനിൽക്കുന്നതുമാണ്.

**അഹ്മദിയ്യാ മുസ്ലിം ജമാഅത്ത്**

1889 മാർച്ച് 23-ന് ലുധിയാനയിലെ മർഹൂം സൂഫി അഹ്മദ്ജാൻ സാഹിബിന്റെ ഭവനത്തിൽവെച്ച് ഹദ്റത്ത് അഹ്മദ്(അ) 40 പേരിൽ നിന്ന് ആദ്യമായി ബയ്അത്ത് സ്വീകരിച്ചു. അങ്ങനെ അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന് അടിത്തറയിട്ടു. ഏറ്റവുമാദ്യം ബയ്അത്ത് ചെയ്യാൻ ഭാഗ്യം ലഭിച്ചത് ഹദ്റത്ത് മൗലാനാ ഹകീം നൂറുദ്ദീൻ സാഹിബ്(റ)നായിരുന്നു. സ്ത്രീകളിൽനിന്ന് ആദ്യമായി ബയ്അത്ത് ചെയ്തത് ഹദ്റത്ത് സുഗ്റബേഗം സാഹിബ(റ) ആയിരുന്നു. ഇവർ ഹദ്റത്ത് മൗലാനാ ഹകീം നൂറുദ്ദീൻ സാഹിബിന്റെ സഹധർമ്മിണിയും, സൂഫി അഹ്മദ്ജാൻ സാഹിബിന്റേയും മകളുമാണ്. അന്ന് ബയ്അത്ത് ചെയ്ത മറ്റു ചിലർ ഇവരാണ്.

ഹദ്റത്ത് മൗലവി അബ്ദുല്ലാഹ് സാഹിബ് സെന്നൗരി(റ), ഹദ്റത്ത് ചൗദ്ദരി റുസ്തം അലി സാഹിബ്(റ), ഹദ്റത്ത് മുൻശി അരോഡേഖാൻ സാഹിബ്(റ), ഹദ്റത്ത് മുൻശി സഫർ അഹ്മദ് സാഹിബ്(റ), ഹദ്റത്ത് മുൻശി ഹബീബുർറഹ്മാൻ സാഹിബ്(റ), ഹദ്റത്ത് ഖാദി സിയാഉദ്ദീൻ സാഹിബ്(റ), ഹദ്റത്ത് മീർ ഇനായത്ത് അലി സാഹിബ്(റ).

1901 ൽ ഹദ്റത്ത് അഹ്മദ്(അ) തന്റെ ജമാഅത്തിന് മുസ്ലിം ഫിർഖഃ അഹ്മദിയ്യാ (അഹ്മദിയ്യാ മുസ്ലിം ജമാഅത്ത്) എന്ന പേര് നൽകി.

## മുസ്ലിഹ് മൗഊദ്

1886-ന്റെ തുടക്കത്തിൽ ദൈവേച്ഛയനുസരിച്ച് ഹദ്റത്ത് അഹ്മദ്(അ) ഹോശിയാർപൂരിലേക്ക് പോയി. അവിടെ ഒരു വീട്ടിൽ 40 ദിവസത്തോളം പ്രാർത്ഥനാനിരതനായി കഴിച്ചുകൂട്ടി. ഇത് 'ചില്ലാകശി' (തപോയജ്ഞം) എന്ന പേരിലറിയപ്പെടുന്നു. ഇസ്ലാമിന്റെ പുരോഗതിക്കും പ്രചാരണത്തിനും വേണ്ടി ആ മഹാത്മൻ പ്രത്യേക

ദുആകളിൽ വ്യാപൃതനായി. ഈ ദുആകളുടേയും ഇബാദത്തുകളുടേയും ഫലമായി അല്ലാഹു ഒരു വാഗ്ദത്ത പുത്രനെക്കുറിച്ച് ഹദ്റത്ത് അഹ്മദ്(അ)ന് സുവാർത്ത നൽകി. ഇത് 'പേശ്ഗോയിമുസ്‌ലിഹ് മൗഊദ്' (മുസ്‌ലിഹ് മൗഊദിനെക്കുറിച്ചുള്ള പ്രവചനം) എന്ന പേരിൽ പ്രസിദ്ധമാണ്. ഈ സുവാർത്തയിൽ ഹദ്റത്ത് അഹ്മദ്(അ)ന് 9 വർഷങ്ങൾക്കകം ഒരു പുത്രൻ ജനിക്കുമെന്നും ആ സുപുത്രൻ മുഖേന ഇസ്‌ലാമിനും അഹ്മദിയ്യത്തിനും അനിതരസാധാരണമാംവിധം പുരോഗതി ലഭ്യമാകുമെന്നും വാഗ്ദത്തപുത്രൻ ലോകത്തിന്റെ കോണുകളോളം പ്രസിദ്ധിയാർജ്ജിക്കുമെന്നും അല്ലാഹു അറിയിച്ചിരുന്നു. പ്രവചനത്തിലെ ചില ഭാഗങ്ങൾ താഴെ ചേർക്കുന്നു.

“നീ ചോദിച്ചതിൻപ്രകാരം ഞാൻ നിനക്ക് കാരുണ്യത്തിന്റെ ഒരടയാളം നൽകുന്നു. അത്ഭുതശക്തിയുടേയും ഔദാര്യത്തിന്റേയും സാമീപ്യത്തിന്റേയും അടയാളം നിനക്ക് നൽകുന്നു. വരപ്രസാദത്തിന്റേയും ഔദാര്യത്തിന്റേയും അടയാളം നിനക്ക് നൽകപ്പെടുന്നു. വിജയങ്ങളുടെ കുഞ്ചിക നിനക്ക് ലഭ്യമാകുകയാണ്. അവനോടൊപ്പം അനുഗ്രഹമുണ്ട്. അത് അവന്റെ വരവോടുകൂടി വരുന്നതാണ്. അവൻ പ്രതാപവും പ്രഭാവവും ഐശ്വര്യവുമുള്ളവനായിരിക്കും. അവൻ ലോകത്തുവന്ന് തന്റെ മസീഹീഗുണവും റൂഹുൽ ഹഖിന്റെ (സത്യത്തിന്റെ ആത്മാവ്) അനുഗ്രഹവും മുഖേന അനേകരുടെ രോഗത്തെ സുഖപ്പെടുത്തും. അവൻ കലിമതുല്ലാഹ് (അല്ലാഹുവിന്റെ വചനം) ആകുന്നു. എന്തുകൊണ്ടെന്നാൽ അല്ലാഹുവിന്റെ അനുഗ്രഹവും അഭിമാനവും അവനെ മഹത്വത്തിന്റെ വചനത്താൽ അയച്ചിരിക്കുന്നു. അവൻ വലിയ ബുദ്ധിശാലിയും കാര്യജ്ഞനുമായിരിക്കും; ഹൃദയാത്മനാ സഹിഷ്ണുതയുള്ളവനും. അവൻ ആത്മീയവും ഭൗതികവുമായ വിദ്യകളാൽ നിറക്കപ്പെടും. പ്രകാശം വരുന്നു. ദൈവം അവനെ തന്റെ അഭീഷ്ടത്തിന്റെ പരിമളംകൊണ്ട് പരിലിപ്തനാക്കിയിരിക്കുന്നു. നാം അവനിൽ നമ്മുടെ ആത്മാവ് ഇടുന്നതാണ്. അവന്റെ തലയ്ക്കുമീതെ ദൈവത്തിന്റെ നിഴലുണ്ടായിരിക്കും. അവൻ വേഗം വേഗം വളരുകയും ബന്ധനസ്ഥരുടെ മോചനത്തിന് കാരണമാകുകയും ചെയ്യും. ഭൂമിയുടെ കോണുകളോളം കീർത്തിപ്രാപിക്കും. ജാതികൾ അവനിൽനിന്ന് അനുഗ്രഹം തേടും....” (*വിളംബരം 1886, ഫെബ്രുവരി 20*)

ഈ ദൈവിക സുവാർത്തയനുസരിച്ച് 9 വർഷങ്ങൾക്കകം

തന്നെ ആ വാഗ്ദത്തസുപുത്രൻ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് സാഹിബ് ഭൂജാതനായി. ഹദ്റത്ത് മസീഹ് മൗഊദ്(അ), 'സിറാജെ മുനീർ' എന്ന തന്റെ ഗ്രന്ഥത്തിൽ വാഗ്ദത്ത സുപുത്രൻ ജനിച്ചിരിക്കുന്നതായി വിളംബരം ചെയ്തിട്ടുണ്ടായിരുന്നു. മുസ്ലിഹ് മൗഊദ് എന്ന പേരിൽ വിശ്വവിഖ്യാതനായിത്തീർന്ന ഈ സുപുത്രനാണ് അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ രണ്ടാം ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടത്. 52 വർഷക്കാലം നീണ്ട പ്രസ്തുത ഖിലാഫത്ത് ഹദ്റത്ത് അഹ്മദ്(അ)ന് വാഗ്ദത്തപുത്രനെ കുറിച്ച് ലഭിച്ച 52 സുലക്ഷണങ്ങളുടെയും 7 ഉദ്ദേശ്യങ്ങളുടെയും നിറപുലർച്ചയായിരുന്നു.

## മസീഹ് മൗഊദ് (വാഗ്ദത്ത മസീഹ്)

1890-ന്റെ അവസാനത്തിൽ അല്ലാഹു, ഹദ്റത്ത് അഹ്മദ്(അ)ന് ഈസാനബി(അ) മറ്റ് പ്രവാചകന്മാരെപ്പോലെ മരണമടഞ്ഞതായി അറിയിച്ചുകൊടുക്കുകയുണ്ടായി. ഈസാനബി(അ) ഇന്നും സ്ഥൂല ശരീരത്തോടുകൂടി ജീവിച്ചിരിക്കുന്നുവെന്ന വിശ്വാസം വിശുദ്ധഖുർആനും തിരുനബിവചനങ്ങൾക്കും ബുദ്ധിക്കും നിരക്കാത്തതാണ്. 1891-ന്റെ ആരംഭത്തിൽ ഈസാനബി(അ) മരിച്ചുപോയിരിക്കുന്നുവെന്നും അദ്ദേഹം ഇനി തിരിച്ചുവരികയില്ലെന്നും നബി(സ) തിരുമേനി പ്രവചനം ചെയ്ത വാഗ്ദത്ത മസീഹും മഹ്ദിയുമായി അല്ലാഹു, തന്നെ നിയോഗിച്ചിരിക്കുന്നുവെന്നും ഈ ലോകത്തിന്റെ പരിഷ്കരണത്തിനും ഇസ്ലാമിന്റെ ശരിയായ അദ്ധ്യാപനങ്ങളെ നിലനാട്ടുന്നതിനും പ്രചരിപ്പിക്കുന്നതിനും വേണ്ടി മസീഹിഗുണത്തോടുകൂടി അല്ലാഹു തന്നെ അയച്ചിരിക്കുന്നുവെന്നും ആ മഹാത്മൻ പ്രഖ്യാപിച്ചു.

ഈ വിളംബരത്തോടുകൂടി ഒരു ഭാഗത്ത് സൽപ്രകൃതരും സത്‌വൃത്തരുമായ ആളുകൾ അദ്ദേഹത്തിൽ വിശ്വസിക്കാൻ തയ്യാറായപ്പോൾ മറുഭാഗത്ത് എതിർപ്പിന്റെ തീകാറ്റ് ആഞ്ഞുവീശാനും തുടങ്ങി. മിത്രങ്ങൾ ശത്രുക്കളായി മാറി. മുസ്ലിംപണ്ഡിത പരിഷകൾ കുഫ്ർ ഫത്‌വകൾ ഇറക്കി. ക്രിസ്ത്യാനികളുടെ ഭാഗത്തുനിന്ന് ഉണ്ടായ എതിർപ്പും തീഷ്ണമായിരുന്നു. കാരണം, ഈസാനബി മരിച്ചുവെന്ന പ്രഖ്യാപനം ത്രിയേകത്വത്തിന്റെ അടിത്തറയെതന്നെ പിടിച്ചുലക്കുകയായിരുന്നു.

## സംവാദങ്ങൾ

ശത്രുപക്ഷത്തെ മൗലവിമാരുമായും ക്രിസ്ത്യൻ പാതിരിമാരുമായും നിരവധി സംവാദങ്ങൾ അരങ്ങേറി. 1891-ൽ മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവി, മൗലവി സയ്യിദ് നദീർ ഹുസൈൻ ദഹ്ലവി, മൗലവി മുഹമ്മദ് ബശീർ ഭോപാലവി എന്നിവരുമായും 1892-ൽ മൗലവി അബ്ദുൽ ഹക്കീം കലാനൂരിയുമായും സംവാദങ്ങൾ നടന്നു. 1893-ൽ പ്രസിദ്ധ ക്രിസ്ത്യൻ പാതിരി അബ്ദുല്ലാഹ് ആഥിമുമായി നടന്ന സംവാദവും ഹദ്റത്ത് അഹ്മദ്(അ)ന്റെ സത്യസാക്ഷ്യത്തിനുള്ള വലിയൊരു ദൃഷ്ടാന്തമായിരുന്നു. ഈ സംവാദങ്ങളുടെ ഫലമായി വളരെയേറെ സത്യാന്വേഷികൾക്ക് ഹദ്റത്ത് അഹ്മദ്(അ)ന് ബയ്അത്ത് ചെയ്യാൻ അവസരം ലഭിച്ചു.

## ജൽസാ സാലാന

1891-ൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) ജൽസാ സാലാന (വാർഷികസമ്മേളനം)ക്ക് അടിത്തറയിട്ടു. 1891 ഡിസംബർ മാസം ചേർന്ന ആദ്യത്തെ ജൽസാ സാലാനയിൽ 75 പേരാണ് പങ്കെടുത്തത്. ഈ ജൽസ ഖാദിയാനിലെ മസ്ജിദ് അഖ്സയിലാണ് സംഘടിപ്പിച്ചത്. 1892-ലെ ജൽസയിൽ 327 പേർ പങ്കെടുത്തു. ഏതാനും ചില വർഷങ്ങളൊഴികെ എല്ലാ വർഷവും ജൽസ സാലാന സംഘടിപ്പിച്ചുവരുന്നു. പതിനായിരങ്ങൾ പങ്കെടുക്കുന്ന ജൽസകൾ ഖാദിയാനെപോലെതന്നെ വിവിധ രാഷ്ട്രങ്ങളിലും എല്ലാ വർഷവും ഉമ്മത്തെ വാഹിദയുടെ അനുപമദൃശ്യം പ്രകടമാക്കിക്കൊണ്ട് അരങ്ങേറുന്നു.

## പാതിരി അബ്ദുല്ലാഹ് ആഥിമിനെക്കുറിച്ചുള്ള പ്രവചനം

1893-ൽ അമൃത്സറിൽവെച്ച് മെയ് 22 മുതൽ ജൂൺ 5വരെ പ്രസിദ്ധ ക്രിസ്ത്യൻ പാതിരി അബ്ദുല്ലാഹ് ആഥിമുമായി ലിഖിതരൂപേണ നേർക്കുനേർ സംവാദം നടന്നു. ഈ സംവാദം പിന്നീട് 'ജംഗെ മുഖദ്ദസ്' എന്ന പേരിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. വിജയകരമായ ഈ സംവാദത്തിനിടയിൽതന്നെ പലർക്കും ബയ്അത്ത് ചെയ്ത് അഹ്മദിയാകാനുള്ള സൗഭാഗ്യം ലഭിക്കുകയുണ്ടായി.

സംവാദത്തിനിടയിൽ രസകരമായൊരു സംഭവമുണ്ടായി. ക്രിസ്ത്യാനികൾ ഒരു അന്ധനേയും മുടന്തനേയും ഊമയേയും ഹദ്റത്ത് അഹ്മദ്(അ)ന് മുന്നിൽ നിറുത്തിക്കൊണ്ട്, ഞങ്ങളുടെ ഈസാമസീഹ് അന്ധനേയും ഊമയേയും മുടന്തനേയും സുഖ

പ്പെടുത്തിയിരുന്നുവെന്നും വാഗ്ദത്തം ചെയ്യപ്പെട്ട മസീഹാണെന്ന താങ്കളുടെ വാദം സത്യമാണെങ്കിൽ ഇവരെ സുഖപ്പെടുത്തിക്കാണിക്കുക എന്ന് പറഞ്ഞു.

ക്രിസ്ത്യാനികൾ മതിമറന്ന് ആഹ്ലാദിക്കുകയായിരുന്നു. മിർസാ സാഹിബ് ലജ്ജിതനാകാൻ പോകുന്നുവെന്ന് അവർ കരുതി. എന്നാൽ, ക്രിസ്ത്യാനികളുടെ നിർദ്ദേശം സുസ്മേരവദനനായി ശ്രവിച്ച ഹദ്റത്ത് അഹ്മദ്(അ) പറഞ്ഞു. 'ഈസാമസീഹ് അന്ധനേയും ഊമയേയും സുഖപ്പെടുത്തിയതായി നിങ്ങളുടെ ഇഞ്ചീലിലാണ് ഉള്ളത്. ഞങ്ങളുടെ ഖുർആൻ ഒരിക്കലും അതു പറഞ്ഞിട്ടില്ല. അതുകൊണ്ടുതന്നെ ഞങ്ങളിക്കാര്യത്തിന്റെ വക്താക്കളുമല്ല. ഇഞ്ചീലിൽ മറ്റൊന്നുകൂടി പറയുന്നുണ്ട്. അതായത്, യേശു ശിഷ്യന്മാരോട് പറഞ്ഞത്, നിങ്ങൾക്ക് കടുകുമണിയോളം വിശ്വാസമുണ്ടെങ്കിൽ അത്യത്ഭുതകൃത്യങ്ങൾ ചെയ്യാൻ കഴിയുമെന്നും മലയെപ്പോലും നീക്കാൻ കഴിയുമെന്നുമാണ്. ആയതിനാൽ ഈ രോഗികളെ നിങ്ങൾക്കുമുമ്പിൽതന്നെ സമർപ്പിച്ചുകൊണ്ട് എനിക്ക് പറയാനുള്ളത് കടുകുമണിയോളം വിശ്വാസമെങ്കിലും നിങ്ങളിലുണ്ടെങ്കിൽ ഇവരെ സുഖപ്പെടുത്തിക്കൊണ്ട് നിങ്ങളുടെ വിശ്വാസം തെളിയിക്കുക.'

ഹദ്റത്ത് അഹ്മദ്(അ)ന്റെ ഈ അപ്രതീക്ഷിതമായ മറുപടി ശത്രുപക്ഷത്തെയാകമാനം നിരുദ്ധകണ്ഠരാക്കി. ഹദ്റത്ത് അഹ്മദി(അ)നെ ജനങ്ങൾക്കു മുന്നിൽ നാണംകെടുത്താൻ മെനഞ്ഞ ഉപായം അവർക്കുതന്നെ വിനയായിമാറി.

ഈ സംവാദത്തിന്റെ അവസാനത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരു പ്രവചനം നടത്തുകയുണ്ടായി. അതായത്, സംവാദത്തിൽ മനഃപൂർവ്വം അസത്യത്തെ സ്വീകരിക്കുകയും സത്യദൈവത്തെ കൈയൊഴിഞ്ഞ് ഒരു ദുർബലമനുഷ്യനെ ദൈവമാക്കിവയ്ക്കുകയും നബി(സ)നെ അധിക്ഷേപിക്കുകയും ചെയ്യുന്ന ആഥിം 15 മാസത്തിനകം 'ഹാവിയാ'യിൽ (അഗ്നികുണ്ഠം) അകപ്പെടുന്നതാണ്. സത്യത്തിലേക്ക് തിരിയാത്തപക്ഷം ദൈവം അയാളെ അതിനിന്ദ്യതയിലാഴ്ത്തുകയും ചെയ്യും.

നബി(സ) തിരുമേനി (നഊദുബില്ലാഹ്) ദജ്ജാലാണെന്ന് ആഥിം എഴുതിയിട്ടുണ്ടായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പ്രവചനം കേട്ടപ്പോൾ അബ്ദുല്ലാഹ് ആഥിം ഭയന്നു. ഈ നിശ്ചിത 15 മാസവും ആഥിം കടുത്ത നിശ്ശബ്ദത പാലിച്ചു. ഇസ്ലാമിനെതിരി

ലുള്ള ആരോപണങ്ങളിൽനിന്നും ആക്ഷേപങ്ങളിൽനിന്നും പിന്മാറി. അല്ല, പ്രവചനം കേട്ട് അയാളുടെ കൈകൾ വിറക്കാൻ തുടങ്ങി. മുഖം കരുവാളിച്ചു. മറ്റൊരുവിധത്തിൽ പറഞ്ഞാൽ ആഥിമിൽ മാനസാന്തരമുണ്ടായി. തൽഫലമായി പ്രവചനത്തിൽ പറയപ്പെട്ട 15 മാസവും ആഥിം ജീവിച്ചിരുന്നു. മറുഭാഗത്ത് പ്രവചനം പൊളിഞ്ഞെന്ന് പറഞ്ഞ് ശത്രുക്കൾ കോലാഹലങ്ങൾ നടത്തി. കഴിഞ്ഞ 15 മാസത്തിനുള്ളിൽ തനിക്ക് മാനസാന്തരം ഉണ്ടായിട്ടില്ലെന്നും ഇസ്ലാമിന്റെ മഹിമാപ്രഭാവം തന്നെ ഭയപ്പെടുത്തിയിട്ടില്ലെന്നും സത്യം ചെയ്യാൻ ആഥിമിനോട് ഹദ്റത്ത് അഹ്മദ്(അ) ആവശ്യപ്പെട്ടു. അങ്ങനെ സത്യം ചെയ്തതിനുശേഷവും ആഥിം ജീവിച്ചിരിക്കുന്നപക്ഷം 1000 രൂപ ഇനാമായി നൽകാമെന്നും അദ്ദേഹം പറഞ്ഞു. സമ്മാനത്തുക നാലായിരം വരെയായി ഉയർത്തിയെങ്കിലും ആഥിം മുന്നോട്ടുവരാൻ ധൈര്യപ്പെട്ടില്ല. മറിച്ച്, സത്യത്തെ മറച്ചുപിടിച്ചു കൊണ്ട് ജനങ്ങളെ വഞ്ചിക്കുകയായിരുന്നു. 1894-ൽ ഒക്ടോബർ 27 -ന് ഇറക്കിയ വിജ്ഞാപനത്തിൽ ജനങ്ങളെ വഞ്ചിച്ചുകൊണ്ടിരിക്കുന്ന ആഥിം ദൈവികശിക്ഷയുടെ കരാളഹസ്തത്തിൽ അകപ്പെടുകതന്നെ ചെയ്യുമെന്ന് അദ്ദേഹം പ്രഖ്യാപിക്കുകയുണ്ടായി. ഈ വിളംബരത്തിനുശേഷം ആഥിം തികച്ചും നിശ്ശബ്ദനായി. പ്രവചനപ്രകാരം 1896 ജൂലൈ 27-ന് ആഥിം ഈ ലോകത്തുനിന്ന് നിഷ്കാസനം ചെയ്യപ്പെട്ടു. അങ്ങനെ ഇസ്ലാമിന് ഉജ്ജ്വലമായ ഒരു വിജയംകൂടി ലഭ്യമായി.

## അറബിയിൽ പൊരുതാൻ ക്ഷണം

1893-ൽ ഹദ്റത്ത് അഹ്മദ്(അ) അറബിഭാഷയിൽ പ്രബന്ധരചനയ്ക്ക് അനഹ്മദി പണ്ഡിതന്മാരെ വെല്ലുവിളിക്കുകയുണ്ടായി. ആ മഹാത്മൻ പറഞ്ഞു. അല്ലാഹു എനിക്ക് അറബിഭാഷയിൽ അതീവ പ്രാഗത്ഭ്യം തന്നനുഗ്രഹിച്ചിരിക്കുന്നു. അതുകൊണ്ടുതന്നെ ഇക്കാര്യത്തിൽ ഒരാൾക്കുംതന്നെ എന്നെ എതിരിടാൻ സാധ്യമല്ല. അദ്ദേഹം കൂടെക്കൂടെ പണ്ഡിതന്മാരെ വെല്ലുവിളിച്ചെങ്കിലും മുന്നോട്ടുവരാൻ ആരും ധൈര്യപ്പെട്ടില്ല.

## സൂര്യചന്ദ്ര ഗ്രഹണം

നബിതിരുമേനി(സ) ഇമാം മഹ്ദിയെക്കുറിച്ച് ചെയ്ത ഒരു പ്രവചനം ദാറുഖുത്നിയിൽ രേഖപ്പെട്ടുകിടക്കുന്നു. ഹദ്റത്ത് ഇമാം ബാഖിർ(റഹ്) ആണ് നിവേദകൻ. ഹദീസ് ഇപ്രകാരമാണ്. നമ്മുടെ

മഹ്ദിക്ക് രണ്ടടയാളങ്ങളുണ്ട്. ആകാശഭൂമികൾ സൃഷ്ടിക്കപ്പെട്ടതു മുതൽ ഇത്തരം അടയാളങ്ങൾ വെളിപ്പെട്ടിട്ടില്ല. റമദാൻ മാസത്തിൽ ചന്ദ്രന് അതിന്റെ നിശ്ചിതദിവസങ്ങളിൽ ആദ്യ ദിവസവും സൂര്യന് അതിന്റെ ഗ്രഹണദിവസങ്ങളിൽ മധ്യദിവസവും ഗ്രഹണം സംഭവിക്കും.

ഈ അടയാളം 1894-ൽ പൂർത്തിയായി. ഹുസൂർ(അ) മഹ്ദിയാണെന്നുള്ള വാദം പുറപ്പെടുവിച്ച കാലമായിരുന്നു അത്. പ്രവചന പ്രകാരം ഹിജ്റ വർഷം 1311 റമദാൻ 13 (1894 മാർച്ച് 21)ന് ചന്ദ്രഗ്രഹണവും അതേ റമദാനിൽ 28-ാം തിയ്യതി (ഏപ്രിൽ 6) സൂര്യഗ്രഹണവും ഉണ്ടായി. വിശുദ്ധഖുർആനിലെ സൂറഃ ഖിയാമയിലെ സൂചകങ്ങളും ഇഞ്ചീലിലെ പ്രവചനങ്ങളും ഈ ഗ്രഹണങ്ങളോടെ പുലർന്നു. ഇത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യസാക്ഷ്യത്തിനുള്ള ഉജ്ജ്വലമായ ദൃഷ്ടാന്തമായിരുന്നു.

## അറബി-ഭാഷകളുടെ ജനനി

1895-ൽ ഹദ്റത്ത് അഹ്മദ്(അ) അല്ലാഹുവിൽനിന്ന് ലഭ്യമായ അറിവുകളുടെ വെളിച്ചത്തിൽ അറബിഭാഷ ലോകത്ത് നിലവിലുള്ള സകല ഭാഷകളുടേയും ജനനിയാണെന്നും അവയെല്ലാം അറബിയിൽനിന്ന് ഉത്ഭൂതമാണെന്നും പ്രഖ്യാപിക്കുകയുണ്ടായി. ഈ വാദത്തിന് ഉപോൽബലകമായി അദ്ദേഹം സമർപ്പിച്ച ശക്തമായ തെളിവുകളെ ഖണ്ഡിക്കാൻ ആർക്കും കഴിഞ്ഞില്ല. ഭാഷാലോകത്തെയാകമാനം പ്രകമ്പനം കൊള്ളിച്ച ഈ വാദമുഖം 1895-ൽ അറബിയിൽ രചിച്ച 'മിനനുർ റഹ്മാൻ' എന്ന ഗ്രന്ഥത്തിലാണ് ആ മഹാത്മാവ് ഉന്നയിച്ചത്. ഹദ്റത്ത് അഹ്മദ്(അ)ന്റെ ഈ വാദഗതി അംഗീകരിക്കാൻ ഭാഷാപടുക്കൾ നിർബന്ധിതരാകുന്നകാലം അനതിവിദൂരമല്ല.

## ഹദ്റത്ത്ബാബാനാനക്(റഹ്)

1895 നവംബർ 10-ന് പ്രസിദ്ധീകരിച്ച 'സത്ബചൻ' എന്ന തന്റെ ഗ്രന്ഥത്തിൽ ഹദ്റത്ത് അഹ്മദ്(അ), സിക്ക് മതസ്ഥാപകൻ ഹദ്റത്ത് ബാബാഗുരുനാനക് സാഹിബ്(റഹ്) ഒരു ഹിന്ദുഗൃഹത്തിലാണ് പിറന്നതെങ്കിലും പിന്നീട് മുസ്ലിമായി ഏകദൈവ വിശ്വാസത്തിൽ അടിയുറച്ച് നിന്നിരുന്നതായുള്ള തന്റെ ഗവേഷണം പ്രസിദ്ധപ്പെടുത്തുകയുണ്ടായി. ഗുരുനാനക് ദൈവാഭീഷ്ടം സിദ്ധിച്ച ആളായിരുന്നുവെന്നും റസൂൽ(സ) തിരുമേനിയുടെ പ്രകാശത്താൽ പ്രഭാപൂരിതനായിരുന്നുവെന്നും സ്ഥാപിക്കുകയും ചെയ്തു. നാനക് സൂക്ഷി

ച്ചിരുന്ന 'ഷോല' (മേൽകുപ്പായം) ഹദ്റത്ത് അഹ്മദ്(അ)ന്റെ വാദ ഗതികളെ സ്ഥിരീകരിച്ചുകൊണ്ട് 'ഡേറാബാബാ നാനക്'ൽ ഇന്നും സുരക്ഷിതമാണ്.

## സർവ്വമത സമ്മേളനം

1896-ന്റെ അവസാനത്തിൽ ലാഹോറിൽ ഒരു സർവ്വമതമഹാ സമ്മേളനം നടന്നു. അതിൽ എല്ലാ മതങ്ങളുടേയും പ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ട് ഓരോ മതക്കാരും അവരവരുടെ മതത്തി ന്റേയും അദ്ധ്യാപനങ്ങളുടേയും സവിശേഷതകൾ വിവരിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. ഇതിന്നായി 5 ചോദ്യങ്ങൾക്കുള്ള മറുപടികൾ സ്വമതഗ്രന്ഥങ്ങളിൽനിന്ന് വിശദീകരിക്കാനാണ് നിർദ്ദേശിച്ചിരുന്നത്. പ്രസ്തുത ചോദ്യങ്ങളുടെ ചുരുക്കം ഇപ്രകാരമാണ്. (1) മനുഷ്യന്റെ ശാരീരികം, ധാർമ്മികം, ആദ്ധ്യാത്മികം എന്നീ അവസ്ഥകൾ (2) മര ണാനന്തര ജീവിതത്തിൽ മനുഷ്യന്റെ അവസ്ഥ (3) ഐഹികജീവി തോദ്ദേശ്യവും അതു പ്രാപിക്കാനുള്ള മാർഗ്ഗവും (4) ധർമ്മാനുസാ രണംമൂലം ഇഹപരജീവിതത്തിലുള്ള ഫലം (5) ദൈവജ്ഞാനം കര സ്ഥമാക്കാനുള്ള  മാർഗ്ഗങ്ങൾ.

വിവിധ മതങ്ങളുടെ ഉന്നതരായ പണ്ഡിതന്മാർ പങ്കെടുത്ത ഈ സമ്മേളനത്തിൽ ഇസ്ലാമിനെ പ്രതിനിധാനം ചെയ്ത് പങ്കെടുത്ത തിലൊരാൾ ഹദ്റത്ത് അഹ്മദ്(അ) ആയിരുന്നു. ഈ സമ്മേളനത്തി നുവേണ്ടി ഹദ്റത്ത് അഹ്മദ്(അ) 'ഇസ്ലാമി ഉസൂൽ കി ഫിലാസഫി' (ഇസ്ലാം മതതത്വജ്ഞാനം) എന്ന ഉപന്യാസം എഴുതി തയ്യാറാ ക്കി. വിശുദ്ധഖുർആന്റെ ഇരുന്നൂറോളം ആയത്തുകൾക്കുള്ള സമു ജ്ജ്വല വ്യാഖ്യാനം കൂടിയായിരുന്നു അത്. ഗ്രന്ഥരചനയുടെ പ്രാരം ഭത്തിൽതന്നെ 'മസ്മൂൻ ബാലാരഹാ' (ഉപന്യാസം മുന്തിനിന്നു) എന്ന ഇൽഹാം ഉണ്ടാകുകയും അത് അദ്ദേഹം നേരത്തേതന്നെ വിളംബരം ചെയ്യുകയും  ചെയ്തിരുന്നു.

1896 ഡിസംബർ 26,27,28 തിയ്യതികളിൽ ലാഹോറിൽ സംഘടിപ്പിച്ച ഈ മതമഹാസമ്മേളനത്തിൽ ഹദ്റത്ത് അഹ്മദ്(അ)ന്റെ പ്രീതശി ഷ്യൻ ഹദ്റത്ത് മൗലാനാ അബ്ദുൽ കരീം സാഹിബ് സിയാൽകോട്ടി യാണ് പ്രൗഢഗംഭീരസ്വരത്തിൽ ഉപന്യാസം വായിച്ചുകേൾപ്പിച്ചത്.

നേരത്തെയുള്ള ദൈവികസുവാർത്ത പോലെതന്നെ ഈ ഉപ ന്യാസം മറ്റെല്ലാത്തിനേക്കാളും മുന്തിനിന്നു.

## വധോദ്യമകേസ്

ഹദ്റത്ത് അഹ്മദ്(അ) പുരോഗതിയുടെ പുതിയ പുതിയ മേഖലകളിലേക്ക് കുതിക്കുന്നത് കണ്ട് അത്ഭുതസ്തബ്ധരായ പാതിരിമാർ തെളിവുകളുടെ രണാങ്കണത്തിൽ ഹദ്റത്ത് അഹ്മദി(അ)നെ പരാജയപ്പെടുത്താൻ സാധ്യമല്ലെന്ന് മനസ്സിലാക്കുകയും പുതിയ ആയുധങ്ങളുമായി രംഗത്തുവരികയും ചെയ്തു. 1897-ൽ പ്രസിദ്ധ ക്രിസ്ത്യൻ പാതിരി ഡോ. ഹെൻട്രി മാർട്ടിൻ ക്ലാർക്ക് ഹദ്റത്ത് അഹ്മദ്(അ)നെതിരിൽ ഒരു വധോദ്യമകേസ് ഫയൽ ചെയ്തു. ബ്രിട്ടീഷ് ഡെപ്യൂട്ടി കമ്മീഷണർ ക്യാപ്റ്റൻ ഡഗ്ലസ് ആയിരുന്നു ന്യായാധിപൻ. ഡോ. ക്ലാർക്കിനെ വധിക്കുന്നതിനായി, ഹദ്റത്ത് അഹ്മദ്(അ), അബ്ദുൽ ഹമീദ് എന്നൊരാളെ പറഞ്ഞുവിട്ടു എന്നതായിരുന്നു ഹദ്റത്ത് അഹ്മദ്(അ)നെതിരിൽ ഉന്നയിച്ച ആരോപണം. പക്ഷേ അല്ലാഹു ഈ കേസ്സിൽ അത്ഭുതകരമായരീതിയിൽ ആ മഹാത്മനെ സഹായിച്ചു. ശത്രുക്കളുടെ നിരന്തരമായ പരിശ്രമങ്ങളുമുണ്ടായിട്ടും കോടതി ഹദ്റത്ത് അഹ്മദ്(അ)നെ തടങ്കലിൽവെക്കാൻ തയ്യാറായില്ല. മാത്രമല്ല, വിശദമായ അന്വേഷണത്തിനൊടുവിൽ അബ്ദുൽ ഹമീദ് സത്യം തുറന്നുപറഞ്ഞു, താൻ ഹദ്റത്ത് അഹ്മദിനെതിരിൽ എതിരാളികളുടെ പ്രേരണയ്ക്ക് വശംവദനായാണ് രംഗത്ത് വന്നതെന്ന്! അങ്ങനെ ക്യാപ്റ്റൻ ഡഗ്ലസ്, ആ മഹാത്മനെ അന്തസ്സോടുകൂടി നിരപരാധിയാണെന്ന് വിധിച്ചു. ക്രിസ്ത്യൻപാതിരിമാർക്ക് എല്ലാവിധ സഹായങ്ങളുമായി ഹിന്ദുമുസ്ലിം നേതാക്കന്മാരും സന്നിഹിതരായിരുന്നു. പക്ഷേ, അല്ലാഹു സർവ്വരേയും പരാജിതരും പരിക്ഷീണരുമാക്കി മാറ്റി.

## ലേഖ്റാമിന്റെ പതനം

ഹദ്റത്ത് മസീഹ് മൗഊദ്(അ)നെതിരിൽ രംഗത്തുവന്ന ആര്യസമാജ നേതാവായിരുന്നു പണ്ഡിറ്റ് ലേഖ്റാം പിശാവരി. 'ബറാഹീനെ അഹ്മദിയ്യാ'യിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) സമർപ്പിച്ച വെല്ലുവിളി അതേരൂപത്തിൽ സ്വീകരിക്കാൻ തയ്യാറാവാതെ ഇസ്ലാമിനേയും റസൂൽതിരുമേനി(സ)യേയും അധിക്ഷേപിച്ചുകൊണ്ട് അയാൾ മുസ്ലിംവികാരങ്ങളെ വ്രണപ്പെടുത്തുകയായിരുന്നു. വേദങ്ങളുടെ സത്യസന്ധത സ്ഥാപിച്ചുകാട്ടാനുള്ള ലേഖ്റാമിന്റെ നിതാന്തപരിശ്രമങ്ങൾ ഫലപ്രദമായതേയില്ല. ഹദ്റത്ത് അഹ്മദ്(അ) ഇസ്ലാമിനോടും റസൂൽതിരുമേനിയോടുമുള്ള സ്നേഹത്തിൽ വില

യംപ്രാപിച്ച മഹാത്മാവായിരുന്നു. ലേഖ്റാമിന്റെ വിഷജൽപനങ്ങൾ ആ പ്രേമാനുരാഗിയുടെ ഹൃദയത്തെ അത്യധികം വേദനിപ്പിച്ചു.

റസൂൽതിരുമേനിയെ തെറിപറയുന്നതിൽനിന്ന് പിന്മാറുന്നില്ലെങ്കിൽ ദൈവികശിക്ഷയുടെ അതിഭയാനകമായ നാളിനെക്കുറിച്ച് കരുതിയിരിക്കാൻ ആ മഹാത്മാവ് ഉപദേശിച്ചു. പക്ഷേ, അയാൾ പിന്മാറാൻ തയ്യാറായില്ലെന്നു മാത്രമല്ല കൂടുതലാവേശത്തോടെ നബി (സ)നെ പരിഹസിച്ചുകൊണ്ടേയിരുന്നു.

വരുന്ന 6 വർഷങ്ങൾക്കകം ലേഖ്റാം നിന്ദിതനും നിരാശനുമായി ദൈവികഹസ്തങ്ങളാൽ നിഷ്കാസനം ചെയ്യപ്പെടുമെന്ന് ദൈവികനിർദ്ദേശപ്രകാരം ആ മഹാത്മൻ പ്രഖ്യാപിച്ചു. മറുഭാഗത്ത് ലേഖ്റാം പറഞ്ഞത് വരുന്ന 3 വർഷങ്ങൾക്കകം മിർസാ സാഹിബ് മരണപ്പെടുമെന്നും മക്കളാരും ബാക്കിയാവുന്നതല്ലെന്നുമായിരുന്നു.

പ്രവചനത്തിന്റെ 3 വർഷം കടന്നുപോയി. പക്ഷേ, ഹദ്റത്ത് അഹ്മദ്(അ)ന് ഒന്നും സംഭവിച്ചില്ല. അങ്ങനെ ലേഖ്റാമിനെക്കുറിച്ച് ഹദ്റത്ത് അഹ്മദ്(അ) ചെയ്ത പ്രവചനത്തിന്റെ 5-ാം വർഷം സമാഗതമായി. ക്രുദ്ധരായ ചില മലക്കുകൾ ലേഖ്റാമിനെ അന്വേഷിച്ചുവരുന്നതായി താൻ ദർശനത്തിൽ കണ്ടുവെന്നും ഭയാനകമായ ആ സത്വങ്ങൾ ലേഖ്റാമിന്റെ മരണവാറണ്ടുമായി വന്നവരാണെന്നും അദ്ദേഹം വിളംബരപ്പെടുത്തി. പ്രവചനത്തിന്റെ 5 വർഷം കഴിഞ്ഞപ്പോൾ മുറവിളികൂട്ടിയ ശത്രുക്കളോട് ആ മഹാത്മൻ അക്ഷോഭ്യനായി പറഞ്ഞത്, നിശ്ചിത കാലാവധിക്കകംതന്നെ ലേഖ്റാമിന്റെ പതനം തീർച്ചയായും സംഭവിക്കുമെന്നുതന്നെയായിരുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പ്രവചനത്തിൽ ഈദിനോടടുത്ത് വീണ്ടുമൊരു ഈദെന്നും പറഞ്ഞിട്ടുണ്ടായിരുന്നു. കൂടാതെ മൂസാനബിയുടെ അഭാവത്തിൽ സാമിരി ഉണ്ടാക്കിയ പശുക്കുട്ടിയുടെ ഗതിയായിരിക്കും ലേഖ്റാമിനുണ്ടാകുകയെന്നും ദൈവിക വെളിപാടുകളിൽ സുവ്യക്തമായിരുന്നു.

അങ്ങനെ ദൈവവിധിയുടെ ആ ദിവസവും വന്നെത്തി. ലേഖ്റാമിന്റെ വീട്ടിൽ വരികയും അവിടെ താമസിക്കുകയും ചെയ്ത ഒര ജ്ഞാതൻ 1897 മാർച്ച് 6-ാം തിയ്യതി ലേഖ്റാമിനെ കുത്തിക്കൊല്ലുകയായിരുന്നു. കൊലയാളിയെ ഇന്നുവരെയും കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നത്, അതൊരു ദൈവികദൃഷ്ടാന്തമാണെന്നതിലേക്ക് അനി

ഷേധ്യമായ തെളിവാണ്.

സാമിരിയുടെ പശുക്കുട്ടി കരഞ്ഞതുപോലെ മരണസമയത്ത് കരയുകയും ശേഷം, അതിനെ ചുട്ടെരിച്ചതുപോലെ ഹിന്ദുആചാര വിധിപ്രകാരം കത്തിച്ച് ചാമ്പലാക്കി നദിയിലൊഴുക്കുകയും ചെയ്തു! ലേഖ്റാമിന്റെ മരണത്തെതുടർന്ന് ഹദ്റത്ത് അഹ്മദ്(അ) ഉച്ചൈസ്ഥരം പ്രഖ്യാപിച്ചത് ലേഖ്റാമിന്റെ മരണം തന്റെ പ്രാർത്ഥനാഫലമായിരുന്നുവെന്നാണ്. അതേതുടർന്ന് ഹദ്റത്ത് അഹ്മദ്(അ)നെതിരിൽ ആര്യസമാജികൾ ഇളകിമറിയുകയും അദ്ദേഹം ആളെവിട്ട് കൊലപാതകം നടത്തിയതാണെന്ന് ആരോപണം ഉന്നയിക്കുകയും ചെയ്തു. ഹദ്റത്ത് അഹ്മദ്(അ) ഇക്കാര്യത്തിൽ തന്റെ നിരപരാധിത്വം പ്രഖ്യാപിച്ചുകൊണ്ട് പറഞ്ഞത്, ആരോപണമുന്നയിക്കുന്നവർ അക്കാര്യം പ്രഖ്യാപിക്കുകയാണെങ്കിൽ അയാളും ദൈവികശിക്ഷയുടെ കരാളഹസ്തങ്ങളാൽ നിഷ്കാസിതനാകുമെന്നും അല്ലാത്തപക്ഷം ഒരു കൊലയാളിക്കു നൽകാവുന്ന ഏതു ശിക്ഷയും സ്വീകരിക്കാൻ താൻ സന്നദ്ധനായിരിക്കുമെന്നുമാണ്. ഈ സിംഹഗർജ്ജനത്തിനു മുന്നിൽ എഴുന്നേറ്റുനിൽക്കാൻ ഒരൊറ്റ ശത്രുവിനും ധൈര്യമുണ്ടായില്ല!

## തഅ്ലീമുൽ ഇസ്ലാം സ്കൂൾ

1898-ന്റെ ആരംഭത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) തഅ്ലീമുൽ ഇസ്ലാം സ്കൂൾ ആരംഭിച്ചു. ഇതിന്റെ ആദ്യത്തെ ഹെഡ്മാസ്റ്റർ ഹദ്റത്ത് ശേഖ് യഅ്ഖൂബ് അലി സാഹിബ് ഇർഫാനീ(റ) ആയിരുന്നു. അഹ്മദീ വിദ്യാർത്ഥികൾ ഭൗതികവിദ്യാഭ്യാസത്തോടൊപ്പം ദീനീവിജ്ഞാനം ആർജ്ജിക്കണമെന്നും വലുതാകുമ്പോൾ സത്യസന്ധരായ യഥാർത്ഥ മുസ്ലിംകളായിത്തീരണമെന്നതുമാണ് സ്കൂളിന്റെ സ്ഥാപനോദ്ദേശ്യം.

## അൽഹക്കം, ബദർ

1897-ൽ ആരംഭിച്ച 'അൽഹക്കം' ആയിരുന്നു ജമാഅത്തിന്റെ ആദ്യത്തെപത്രം. ഇതിന്റെ മാനേജരും എഡിറ്ററുമായി ഹദ്റത്ത് ശേഖ് യഅ്ഖൂബ് അലിസാഹിബ് ഇർഫാനീ(റ) നിയമിതനായി. ആദ്യം ഇത് അമൃത്സറിൽനിന്നാണ് ഇറങ്ങിയത്. 1898 മുതൽ ഖാദിയാനിൽനിന്ന് പ്രസിദ്ധീകരിച്ചുതുടങ്ങി.

1902-ൽ ബദ്ർ എന്ന പേരിൽ മറ്റൊരു പത്രംകൂടി ആരംഭിച്ചു.

ഹദ്റത്ത് മുഫ്തി മുഹമ്മദ് സാദിഖ് സാഹിബായിരുന്നു എഡിറ്റർ.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഇൽഹാമുകൾ, പ്രഭാഷണങ്ങൾ, സംഭാഷണങ്ങൾ, ജമാഅത്തിന്റെ ആദ്യകാല ചരിത്ര സംഭവങ്ങൾ എന്നിവയെല്ലാം ഈ പത്രങ്ങളിൽ സുരക്ഷിതമാണ്.

## 20,000 രൂപയുടെ ഇനാം

ഈസാനബി (അ) സ്ഥൂലശരീരത്തോടുകൂടി ആകാശത്തേക്ക് കരേറിയെന്നും അദ്ദേഹം ഒരുകാലത്ത് ഭൂമിയിലേക്കിറങ്ങുമെന്നും റസൂൽ(സ) പറഞ്ഞിട്ടുള്ളതായി ഏതെങ്കിലുമൊരു ഹദീസ് ഉദ്ധരിക്കാൻ ഹദ്റത്ത് അഹ്മദ്(അ) 1898 ജനുവരിയിൽ പ്രസിദ്ധം ചെയ്ത തന്റെ 'കിതാബുൽ ബരിയ്യ' എന്ന ഗ്രന്ഥത്തിൽ ശത്രുക്കളെ വെല്ലുവിളിച്ചു. അപ്രകാരം തെളിയിക്കുന്നവർക്ക് 20,000 രൂപ ഇനാം നൽകുന്നതാണെന്നും അദ്ദേഹം പ്രഖ്യാപിച്ചു.

ഈ വെല്ലുവിളി നൂറുവർഷമായി ഇന്നും നിലനിൽക്കുന്നു. പക്ഷേ, തെളിവു ഹാജരാക്കി സമ്മാനം കൈപറ്റാൻ ശത്രുപക്ഷത്ത് ആർക്കും കഴിയുന്നില്ല. ഇമാം മഹ്ദി ധനം വിതരണം ചെയ്യുമെന്നും വാങ്ങാൻ ആളുണ്ടാകുകയില്ലെന്നും പറഞ്ഞ ഹദീസിന്റെ പുലർച്ച കൂടിയാണിത്.

## പ്ലേഗിന്റെ ഭീകര താണ്ഡവം

1898 ഫെബ്രുവരി മാസം ഹദ്റത്ത് അഹ്മദ്(അ)ന് ഒരു ദർശനം ഉണ്ടായി. അതിപ്രകാരമായിരുന്നു. “അല്ലാഹുവിന്റെ മലക്കുകൾ പഞ്ചാബിന്റെ വിവിധ സ്ഥലങ്ങളിൽ കറുത്തനിറത്തിലുള്ള ചെടികൾ നടുകയാണ്. ആ മരം വളരെയേറെ വിരൂപവും കടും കറുത്തനിറമുള്ളതും ഭയാനകവും കുറിയതുമായിരുന്നു. ഇതെന്തു മരമാണെന്ന് അത് നടുന്നവരോട് ഞാൻ ചോദിച്ചു. ഇത് പ്ലേഗിന്റെ മരങ്ങളാണെന്നും അത് സമീപഭാവിയിൽ രാജ്യത്ത് പരക്കുമെന്നും അവർ പറഞ്ഞു.” (*അയ്യാമുസ്സുൽഹ്, പേജ് 121*)

ഖാദിയാൻ ഈ പ്ലേഗിൽനിന്ന് സുരക്ഷിതമായിരിക്കുമെന്നും അഹ്മദികൾ പ്രതിരോധ കുത്തിവെപ്പെടുക്കേണ്ടെന്നും അദ്ദേഹം നിർദ്ദേശിച്ചു. പറഞ്ഞതുപോലെതന്നെ ഖാദിയാൻ സുരക്ഷിതമായി നിലനിന്നു. തങ്ങളുടെ നാടുകളെക്കുറിച്ചും ഇത്തരത്തിൽ പ്രവചനം നടത്താൻ ഹദ്റത്ത് അഹ്മദ് (അ) ശത്രുനേതാക്കളെ വെല്ലുവിളി

ച്ചെങ്കിലും ആർക്കും മുന്നോട്ടു വരാൻ ധൈര്യമുണ്ടായില്ല.

ഹദ്റത്ത് അഹ്മദ്(അ)ന്റെ പ്രവചനപ്രകാരം തൊട്ടടുത്തവർഷം വസന്തകാലത്ത് പഞ്ചാബിന്റെ വിവിധ പ്രദേശങ്ങളിൽ പ്ലേഗ് പടർന്നു പിടിക്കാൻ തുടങ്ങി. പിന്നീട് ഏതാനും വർഷങ്ങളോളം അത് വിതച്ച നാശം അതിഭയാനകമായിരുന്നു. ഈയ്യലുകളെപോലെ ജനങ്ങൾ ചത്തുവീണു. ആയിരക്കണക്കിന് ഗ്രാമങ്ങളും, നാട്ടിൻപുറങ്ങളും, പട്ടണങ്ങളും ജനശൂന്യമായി. പ്രവചനപുലർച്ചയിൽ ഒരുപാടാളുകൾ ഹദ്റത്ത് അഹ്മദ്(അ)ന് ബയ്അത്ത് ചെയ്തു.

## മിനാരത്തുൽ മസീഹ്

1900 മെയ് 28-ന് ഹദ്റത്ത് അഹ്മദ്(അ), നബി(സ) തിരുമേനിയുടെ ഒരു ഹദീസിന്റെ വെളിച്ചത്തിൽ ഖാദിയാനിലെ മസ്ജിദ് അഖ്സയിൽ ഒരു മിനാരം നിർമ്മിക്കുന്നതിന് ജമാഅത്തിനോട് ആഹ്വാനം ചെയ്തു. അതിനുവേണ്ടി പൈസയും സ്വരുക്കൂട്ടാൻ തുടങ്ങി. 1903-ന്റെ അവസാനത്തിൽ ആ മഹാത്മാവ് അതിന് അടിത്തറയിട്ടു. പിന്നീട് സാമ്പത്തികബുദ്ധിമുട്ടുകൾ കാരണം അദ്ദേഹത്തിന്റെ കാലത്ത് നിർമ്മാണം പൂർത്തിയാക്കാൻ കഴിഞ്ഞില്ല. രണ്ടാം ഖിലാഫത്ത് കാലത്ത് 1914-ൽ വീണ്ടും പണിയാരംഭിക്കുകയും 1916 ഡിസംബറിൽ പൂർത്തിയാക്കുകയും ചെയ്തു. ഇത് 'മിനാരത്തുൽ മസീഹ്' എന്ന പേരിലാണ് അറിയപ്പെടുന്നത്.

## ഖുത്വ്ബ ഇൽഹാമിയ

1900 ഏപ്രിൽ 11-ന് ഹദ്റത്ത് അഹ്മദ്(അ) പ്രത്യേക ദൈവിക നിർദ്ദേശപ്രകാരം വലിയ പെരുന്നാൾ ഖുത്ബ അറബിയിൽ നിർവ്വഹിച്ചു. ഖുത്ബ ആദ്യന്തം ഇൽഹാമായിരുന്നു. അന്നേവരെ അറബി ഭാഷയിൽ പ്രഭാഷണം നടത്തിയിട്ടില്ലാത്ത ഹദ്റത്ത് അഹ്മദ്(അ)ന്റെ ഈ ഇൽഹാമീ ഖുത്ബ ഒരു അത്ഭുതദൃഷ്ടാന്തം തന്നെയാണ്. ഹദ്റത്ത് അഹ്മദ്(അ)ന്റെ ഗ്രന്ഥസമാഹാരമായ 'റൂഹാനീ ഖസായി'നിൽ ഖുത്ബ ഇൽഹാമിയ എന്ന ഗ്രന്ഥവും ഉൾപ്പെടുന്നു.

## ഹദ്റത്ത് ശഹ്സാദാ സയ്യിദ് അബ്ദുൽലത്തീഫ് സാഹിബ് ശഹീദ്(റ)

ഹദ്റത്ത് ശഹ്സാദാ സയ്യിദ് അബ്ദുൽലത്തീഫ് സാഹിബ് അഫ്ഗാനിസ്ഥാനിലെ ഖോസ്ത് എന്ന പ്രദേശത്താണ് ജീവിച്ചിരുന്നത്. അദ്ദേഹത്തിന് ആയിരക്കണക്കിന് ശിഷ്യന്മാരുണ്ടായിരുന്നു.

അഫ്ഗാനിൽ എല്ലാവരാലും അദ്ദേഹം ആദരിക്കപ്പെട്ടിരുന്നു. അഫ്ഗാൻ ഭരണാധികാരികളുടെ കിരീടാധാരണം നടത്തിയിരുന്നത് സയ്യിദ് സാഹിബ് ആയിരുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ചില ഗ്രന്ഥങ്ങൾ വായിക്കാനിടയായ സയ്യിദ് സാഹിബ് അതിൽ ആകൃഷ്ടനായി. 1902-ൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ സന്ദർശിക്കുന്നതിനായി അദ്ദേഹം ഖാദിയാനിലെത്തി. ഹദ്റത്ത് അഹ്മദ്(അ)നെ കണ്ടമാത്രയിൽ ത്തന്നെ ആ പരിശുദ്ധ മുഖ കമലം അദ്ദേഹത്തിൽ പ്രഭാവം ചെലുത്തി. ഹദ്റത്ത് അഹ്മദ്(അ)ന്റെ ആ ഭക്തദാസൻ മാസങ്ങളോളം ഖാദിയാനിൽത്തന്നെ തങ്ങി. ഖാദിയാൻ വാസത്തിനിടയിൽ അദ്ദേഹത്തിന് നിരന്തരമുണ്ടായ ദിവ്യവെളിപാടുകൾ അദ്ദേഹത്തോടാവശ്യപ്പട്ടത് അഹ്മദിയ്യത്തിന്റെ മാർഗ്ഗത്തിൽ ബലിയാകാൻ തയ്യാറാകുക എന്നായിരുന്നു.

ഒടുവിൽ ഹദ്റത്ത് അഹ്മദ്(അ)ൽനിന്ന് അനുവാദം വാങ്ങി അദ്ദേഹം സ്വദേശമായ അഫ്ഗാനിൽ തിരിച്ചെത്തി. സയ്യിദ് സാഹിബ് അഹ്മദിയ്യായെന്ന വാർത്തയറിഞ്ഞ കാബൂൾ അമീർ ഹബീബുല്ലാഹ് ഖാൻ അദ്ദേഹത്തെ കൽതുറുങ്കിലടച്ചു. നാലുമാസത്തോളം ഈ കാരാഗൃഹവാസം നീണ്ടുനിന്നു. അദ്ദേഹത്തെ അഹ്മദിയ്യത്തിൽനിന്ന് പിന്തിരിപ്പിക്കാൻ കാബൂൾ അമീറും കൂട്ടരും കിണഞ്ഞു പരിശ്രമിച്ചുകൊണ്ടിരുന്നു. പക്ഷേ, ആ മഹാത്മൻ അവർക്കെല്ലാം കൊടുത്ത മറുപടി താൻ മനസ്സിലാക്കിയ സത്യത്തെ തനിക്ക് നിരാകരിക്കാൻ കഴിയുകയില്ല എന്നായിരുന്നു.

പിന്തിരിപ്പിക്കാനുള്ള ശ്രമങ്ങൾ പരാജയപ്പെട്ടതോടെ, അഫ്ഗാൻ മതപണ്ഡിതന്മാർ അദ്ദേഹത്തെ കാഫിറെന്ന് മുദ്രകുത്തി കല്ലെറിഞ്ഞുകൊല്ലാൻ ഫത്വ നൽകി. അങ്ങനെ മൂക്ക് ഛേദിച്ച് കയറിട്ട് തെരുവീഥികളിലൂടെ അദ്ദേഹത്തെ വലിച്ചിഴച്ചുകൊണ്ട് വധസ്ഥലിയിലെത്തിച്ചു. അവിടെ അരയോളം ആഴമുള്ള ഒരു കുഴിയിലേക്ക് അദ്ദേഹത്തെ ഇറക്കി. അവസാനനിമിഷം കാബൂൾ അമീർ അദ്ദേഹത്തോട് പറഞ്ഞു. "ഇപ്പോഴും രക്ഷപ്പെടാൻ അവസരമുണ്ട്. അഹ്മദിയ്യത്തിൽനിന്ന് പിന്മാറുന്നു എന്ന് എന്നോട്മാത്രം പറഞ്ഞാൽ മതി. സകലവിധ ബഹുമാനാദരങ്ങളോടുംകൂടി താങ്കൾക്ക് ജീവിക്കാം. ഭാര്യാമക്കളെ ഓർത്തെങ്കിലും താങ്കൾ ഈ അവസരം പ്രയോജന

പ്പെടുത്തണം." പക്ഷേ വിശ്വാസസ്ഥൈര്യത്തിന്റെ ആ ജീവൽപ്ര തീകം കാബൂൾ അമീറിന്റെ അവസാന പ്രലോഭനത്തേയും നിരസി ക്കുകയാണ് ചെയ്തത്. തുടർന്ന് കാബൂൾ അമീറും മുഫ്തിയും വൻകൽകൂമ്പാരത്തിൽ നിന്ന് കല്ലുകളെടുത്ത് ആ മഹാത്മാവിന്റെ നെറ്റിത്തടത്തിലേക്കെറിഞ്ഞു. തുടർന്ന് നാലുഭാഗത്തുനിന്നും കല്ലു കൾ പ്രവഹിക്കാൻ തുടങ്ങി. ആ കൽകൂമ്പാരത്തിനുള്ളിൽ ആ ഭക്ത ദാസൻ അചഞ്ചലമായ ദൈവവിശ്വാസത്തിന്റെയും ദീനിസ്നേഹ ത്തിന്റേയും സമാനതയില്ലാത്ത അദ്ധ്യായങ്ങൾ രചിച്ചുകൊണ്ട് ശഹീ ദായി. ഇന്നാലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. അങ്ങനെ ഇദ്ദേഹം സയ്യിദുശ്ശുഹദാഅ് (ശഹീദുമാരുടെ നേതാവ്) എന്ന പേരി നർഹനായിത്തീർന്നു.

നേരത്തെ സയ്യിദ് സാഹിബിന്റെ ശിഷ്യൻ ഹദ്റത്ത് അബ്ദു ർറഹ്മാൻ സാഹിബിനേയും ശത്രുക്കൾ വധിച്ചിരുന്നു. അങ്ങനെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ 'ശാതാനീ തുസ്ബഹാനീ' (രണ്ട് ആടുകൾ അറുക്കപ്പെടും) എന്ന ഇൽഹാം സുതരാം പുലർന്നു.

ഹദ്റത്ത് അഹ്മദ്(അ), ഹദ്റത്ത് അബ്ദുൽ ലത്തീഫ് (റ) ന്റെ രക്തസാക്ഷിത്വത്തെ എടുത്തുദ്ധരിച്ചുകൊണ്ട് പറയുന്നു:

''അല്ലയോ അബ്ദുൽലത്തീഫ്, താങ്കൾക്കുമേൽ ആയിരമായിരം അനുഗ്രഹങ്ങൾ വർഷിക്കുമാറാകട്ടെ. താങ്കൾ, എന്റെ ജീവിതകാല ത്തുതന്നെ സത്യസന്ധതയുടെയും അർപ്പണബോധത്തിന്റെയും മഹ ത്തായ മാതൃകയാണ് കാണിച്ചത്. യാതൊരു കാരണവുമില്ലാതെ യാണ് ഈ വധം നടന്നിരിക്കുന്നത്. ആകാശത്തിൻകീഴിൽ ഇത്തരം രക്തസാക്ഷിത്വത്തിന് സമാനതയില്ല. അഹോ, കഷ്ടം! ഈ വിവരദോഷിയായ അമീർ എന്താണ് ചെയ്തത്. ഈ നിഷ്കളങ്ക നായ വ്യക്തിയെ നിർദ്ദാഷിണ്യം വധിച്ചുകൊണ്ട് സ്വയം നാശത്തിൽ ആപതിച്ചു. ഓ കാബൂൾ, നീ സാക്ഷിയായിരിക്കുക. നിന്റെ വിരിമാ റിൽ വച്ചാണ് ഈ അരുംകൊല നടത്തിയിരിക്കുന്നത്. ഓ ഭാഗ്യം കെട്ട ഭൂപ്രദേശമേ, ദൈവദൃഷ്ടിയിൽ നീ തരംതാണുപോയിരിക്കു ന്നു. ഈ കൊടുംപാതകത്തിന്റെ കർമ്മരംഗം നിന്റെ നിലമാണല്ലോ. (*തദ്കിറത്തുശഹാദത്തയ്ൻ*)

ഈ പ്രവചനത്തിനുശേഷം ലോകം കണ്ടത് അത്ഭുതങ്ങളായി രുന്നു. അമീറിന്റേയും മുഫ്തിയുടേയും കുടുംബങ്ങളെ ദൈവിക ശിക്ഷ കൊടുംപ്രഹരമേൽപ്പിച്ചു. ഹബീബുല്ലാഹ്ഖാനും, നസറു

ല്ലാഹ്ഖാനും കൊല ചെയ്യപ്പെട്ടു. പിന്നീട് ശേഷിക്കുന്നവർ നാടു കടത്തപ്പെട്ടു.

ഹദ്റത്ത് അബ്ദുൽ ലത്തീഫ് സാഹിബ്(റ) ശഹീദാക്കപ്പെട്ടതിന്റെ പിറ്റേന്നുതന്നെ കാബൂളിൽ ശക്തമായ കോളറബാധയുണ്ടായി. ഇതിൽ രാജകുടുംബത്തിലെ പ്രമുഖരടക്കം നിരവധി ശത്രുക്കൾ മരണപ്പെട്ടു.

കഴിഞ്ഞ നൂറുവർഷമായി കാബൂളിനും അഫ്ഗാനും പറയാനു ള്ളത് രക്തച്ചൊരിച്ചിലിന്റെ ഭീകരകഥകൾ മാത്രമാണ്.

## മദ്റസ അഹ്മദിയ്യ

1905-ൽ ജമാഅത്തിലെ പ്രമുഖ പണ്ഡിതന്മാരായ ഹദ്റത്ത് മൗലാനാ അബ്ദുൽകരീം സാഹിബ് സിയാൽകോട്ടി(റ), ഹദ്റത്ത് മൗലാനാ ബുർഹാനുദ്ദീൻ സാഹിബ് ജഹ്ലമി(റ) എന്നിവരുടെ വിയോഗം പുതിയ പുതിയ പണ്ഡിതന്മാരെ വാർത്തെടുക്കേണ്ടുന്ന തിലേക്ക് ഹദ്റത്ത് അഹ്മദ്(റ)ന്റെ ശ്രദ്ധ ക്ഷണിച്ചു. അങ്ങനെ ജമാ അത്തുമായി കൂടിയാലോചിച്ചശേഷം അദ്ദേഹം തഅ്ലീമുൽ ഇസ്ലാം ഹൈസ്കൂളിനോടനുബന്ധിച്ച് ദീനീവിദ്യാഭ്യാസത്തിനു വേണ്ടി മദ്റസ അഹ്മദിയ്യ സ്ഥാപിച്ചു.

## കാങ്കടയിലെ ഭൂകമ്പം

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ഉണ്ടായ ***അഫത്തിദ്ദിയാറു മഹി ല്ലുഹാ വമഖാമുഹാ*** എന്ന ഇൽഹാമിന്റെ വെളിച്ചത്തിൽ 1905 ഏപ്രിൽ 4-ന് ഹിമാചലിലെ കാങ്കട എന്ന സ്ഥലത്ത് ശക്തമായ ഭൂമികുലുക്ക മുണ്ടായി. ഇതിൽ ആയിരക്കണക്കിന് വീടുകൾ നിലംപരിശാകുകയും അനേകായിരങ്ങൾക്ക് ജീവഹാനി സംഭവിക്കുകയും ചെയ്തു.

## അൽവസിയ്യത്ത്

ഹദ്റത്ത് അഹ്മദ്(അ)ന് തന്റെ മരണത്തെക്കുറിച്ച് 1905-ന്റെ അവസാനത്തിൽ ഇൽഹാമുകളിലൂടെ അറിയിപ്പുകളുണ്ടായി ക്കൊണ്ടിരുന്നു. ഒരിക്കൽ രണ്ടുമൂന്നു കവിൾ വെള്ളം ദർശനത്തിൽ കണ്ടു. അതോടൊപ്പം ആബേസിൻദഗി (ജീവജലം) എന്ന ഇൽഹാമും ഉണ്ടായി. അതായത് രണ്ടുമൂന്ന് വർഷംകൂടി മാത്രമേ ജീവിതമുള്ളൂ വെന്ന് താൽപര്യം. മറ്റൊരിക്കൽ ***ഖറുബ അജലുകൽമുഖദ്ദർ*** (നിന്റെ മരണം സമീപസ്ഥമായി) എന്നും ഇൽഹാമുണ്ടായി. നിരന്തരമുണ്ടായ

ഇത്തരം ഇൽഹാമുകളെ തുടർന്ന് ആ ധന്യാത്മാവ് ജമാഅത്തിനെ ഉപദേശിച്ചുകൊണ്ട് അൽവസിയ്യത്ത് എന്ന ഗ്രന്ഥം രചിച്ചു. അതിൽ അല്ലാഹു തന്റെ പ്രവാചകന്മാർ മുഖേന രണ്ടാം ഖുദ്റത്ത് വെളിപ്പെടുത്താറുണ്ടെന്നും പ്രവാചകന്മാരുടെ വിയോഗശേഷം ഖിലാഫത്തിലൂടെയാണ് ഈ രണ്ടാം ഖുദ്റത്ത് പ്രകടമാകുകയെന്നും അദ്ദേഹം വ്യക്തമാക്കിയിരുന്നു. നബി(സ)ന്റെ കാലത്ത് സംഭവിച്ചതും അതായിരുന്നു. അത് തന്നെയാണ് ഇക്കാലത്തും ഉണ്ടാകുക. ഹദ്റത്ത് അഹ്മദ്(അ) പറയുന്നു. "ഞാൻ നിങ്ങളോട് പറഞ്ഞ ഇക്കാര്യങ്ങളിൽ നിങ്ങൾ വ്യസനിക്കരുത്. നിങ്ങളുടെ ഹൃദയങ്ങൾ പരിഭ്രാന്തമാവരുത്. കാരണം രണ്ടാം ഖുദ്റത്ത് (ഖിലാഫത്ത്) കാണേണ്ടതും നിങ്ങൾക്കനിവാര്യമാണ്." ആ പുണ്യാത്മാവ് തന്റെ മരണത്തിനുശേഷം ഖിലാഫത്ത് ഉണ്ടാകുമെന്നുള്ള സുവാർത്തകളാണ് നൽകിയത്.

## ബിഹിശ്തി മഖ്ബറ

അൽവസിയ്യത്ത് എന്ന ഗ്രന്ഥത്തിൽ ഹദ്റത്ത് അഹ്മദ്(അ) തനിക്ക് ലഭ്യമായ സുവാർത്തകളുടെയും ദിവ്യവെളിപാടുകളുടെയും വെളിച്ചത്തിൽ ബിഹിശ്തിമഖ്ബറ (സ്വർഗ്ഗീയ ശ്മശാനം)യെ സംബന്ധിച്ചും വിളംബരപ്പെടുത്തിയിട്ടുണ്ട്. ദിവ്യവെളിപാടുകളുടെ അടിസ്ഥാനത്തിൽ ആ മഹാത്മൻ ഇപ്രകാരമെഴുതി. "സത്യസന്ധനും പരിശുദ്ധനും ഭയഭക്തിയുള്ളവനും എല്ലാതരം ശിർക്കിൽനിന്നും മറ്റെല്ലാ അനാശാസ്യകാര്യങ്ങളിൽനിന്നും വിട്ടുനിൽക്കുന്നവനും മാത്രമേ ഇവിടെ മറയടക്കപ്പെടുകയുള്ളൂ."

കൂടാതെ തന്റെ സ്വത്തിന്റെയും വരുമാനത്തിന്റെയും പത്തിലൊന്ന് ജമാഅത്തിന് കൊടുക്കാനും വസിയ്യത്ത് ചെയ്തയാൾ നിർബന്ധിതനാണ്. വസിയ്യത്ത് ചെയ്ത പുരുഷൻ 'മൂസി' എന്നും സ്ത്രീ 'മൂസിയ' എന്നും അറിയപ്പെടുന്നു.

## ഹതാശനായ ഡോ. ഡൂയി

അമേരിക്കയിൽ ഡോ. അലക്സാണ്ടർ ഡൂയി എന്നൊരാൾ പ്രവാചകനാണെന്നുവാദിച്ചുകൊണ്ട് ക്രിസ്തുമതം പ്രചരിപ്പിക്കാനുള്ള ദൗത്യപ്രഖ്യാപനവുമായി രംഗത്തുവന്നു. ഇസ്ലാമിനെ നശിപ്പിക്കുമെന്ന് വീരവാദം മുഴക്കി. അയാൾ പ്രവാചകപ്രഭു ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ)നെ അവഹേളിച്ചും പരിഹസിച്ചുംകൊണ്ട്

ചുവടുറപ്പിക്കാൻ ശ്രമിക്കുകയായിരുന്നു. ഇതറിഞ്ഞ ഹദ്റത്ത് മസീഹ് മൗഊദ് (അ) അയാളെ വെല്ലുവിളിച്ചുകൊണ്ടു പറഞ്ഞു "ഡൂയിയുടെ ദൈവം ജീവൽദൈവമാണോ എന്ന് മനസ്സിലാക്കുന്നതിനുള്ള ഒരെളുപ്പമാർഗ്ഗമുണ്ട്. ഡൂയി ഓരോ മുസ്‌ലിമിനെപറ്റിയും കൂടെക്കൂടെ മരണത്തെക്കുറിച്ച് പ്രവചനം നടത്താതെ എന്നിലേക്ക് മാത്രം ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് ഞങ്ങളിരുവരിൽ ആരാണോ കള്ളവാദി അയാൾ ആദ്യം മരണപ്പെടട്ടെ എന്ന് പ്രാർത്ഥിക്കേണ്ടതാണ്." (*റിവ്യൂ ഓഫ് റിലീജിയൻസ്, സെപ്തംബർ* 2)

"ഡൂയി ഇതിൽനിന്ന് പിന്തിരിഞ്ഞാലും അയാളുടെ സിയോൺ (ഡൂയി ഉണ്ടാക്കിയ പട്ടണം) നഗരത്തിൽ ഉടൻതന്നെ ആപത്തുകൾ വർഷിക്കപ്പെടുന്നതാണ്" എന്നും ഹദ്റത്ത് അഹ്മദ്(അ) പറഞ്ഞു. (*ഹഖീഖത്തുൽ വഹ്‌യ്, പേജ് 71*)

ഹദ്റത്ത് അഹ്മദ് (അ)ന്റെ വെല്ലുവിളികൾക്കു മുന്നിൽ എന്തുകൊണ്ട് നിൽക്കുന്നില്ല എന്ന ജനങ്ങളുടെ ചോദ്യത്തിന് മറുപടി നൽകിക്കൊണ്ട് അയാൾ ധാർഷ്ട്യത്തോടെ പറഞ്ഞത് 'ഞാനീ കൊതുകുകൾക്കും ഈച്ചകൾക്കുംമേൽ കാലുവെച്ചാൽ അവ ചതഞ്ഞരഞ്ഞുപോകും' എന്നാണ്.

അധികം കഴിയേണ്ടിവന്നില്ല ഡൂയി ദൈവശിക്ഷക്ക് വിധേയനായി. അയാൾക്ക് പക്ഷാഘാതം പിടിപെടുകയും സംസാരശേഷി നഷ്ടമാകുകയും ചെയ്തു. അയാൾ മദ്യപാനിയും വിശ്വാസവഞ്ചകനുമാണെന്നു തിരിച്ചറിഞ്ഞ അനുയായികൾ അയാളെ കൈയ്യൊഴിഞ്ഞു. അയാളുടെ സിയോൺനഗരം നിലംപൊത്തി. 1907 മാർച്ചുമാസം ഹതാശനും നിരാലംബനും ദുഃഖിതനുമായ ഡൂയി അന്ത്യശ്വാസം വലിച്ചു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പ്രവചനം പ്രോജ്ജ്വലമായി പുലർന്നു.

## ലാഹോർ യാത്രയും വഫാത്തും

1908 ഏപ്രിൽ 27-ന് ഹദ്റത്ത് അഹ്മദ്(അ) കുടുംബത്തോടൊപ്പം ലാഹോറിലേക്കു പോയി. അവിടെ അദ്ദേഹം നിരവധി പ്രഭാഷണങ്ങൾ നൽകുകയും അന്യമതസ്ഥരുമായി സംഭാഷണങ്ങൾ നടത്തുകയും ചെയ്തു. ഇക്കാലത്തുതന്നെയാണ് അദ്ദേഹം തന്റെ വിശ്വവിഖ്യാതമായ 'പൈഗാമെ സുൽഹ്' (മൈത്രി സന്ദേശം) എന്ന കൃതി രചിച്ചത്.

ഈ ലാഹോർ വാസത്തിനിടയിൽ ആ മഹാത്മാവിന് തന്റെ മരണത്തെക്കുറിച്ചുള്ള ദൈവിക അറിയിപ്പുകളും ലഭിച്ചുകൊണ്ടിരുന്നു. ഒരു സന്ദർഭത്തിൽ അദ്ദേഹം തന്റെ ധർമ്മപത്നിയോടു പറഞ്ഞത്, ഇനി അല്ലാഹു കൊണ്ടുപോകുമ്പോഴേ നമ്മൾ ഖാദിയാനിൽ പോകൂ എന്നാണ്.

1908 മെയ് 20-ന് അദ്ദേഹത്തിന് ഇപ്രകാരം ഇൽഹാമുണ്ടായി. "***അർറഹീലു സുമ്മർറഹീലു വൽമൗതു ഖരീബുൻ***" (പോകാനുള്ള സമയം അടുത്തെത്തിയിരിക്കുന്നു, മരണം സമീപസ്ഥമാണ്)

25-ാം തിയ്യതി അർദ്ധരാത്രി ഹദ്റത്ത് അഹ്മദ്(അ) രോഗഗ്രസ്തനായി. 26-ന് രാത്രി 10 മണിക്ക് ആ മഹാത്മാവ് തന്റെ യഥാർത്ഥ നാഥനും പ്രേമഭാജനവുമായ അല്ലാഹുവിങ്കലേക്ക് യാത്രയായി. ഇന്നാലില്ലാഹി വഇന്നാ ഇലയ്ഹി റാജിഊൻ

അവസാന സമയത്ത് ഹദ്റത്ത് അഹ്മദ്(അ)ന്റെ നാവുകളിൽ ഉണ്ടായിരുന്ന വാചകം, "അല്ലാഹ്, മേരെ പ്യാരെ അല്ലാഹ്!'' (അല്ലാഹുവേ, എന്റെ പ്രിയപ്പെട്ട അല്ലാഹുവേ!) എന്നായിരുന്നു.

മരണസമയത്ത് ആ മഹാത്മാവിന്റെ പ്രായം ക്രിസ്ത്വാബ്ദ പ്രകാരം 73 വയസ്സും ഹിജ്റാബ്ദപ്രകാരം 76 വയസ്സുമായിരുന്നു.

ഹദ്റത്ത് അഹ്മദ്(അ)ന്റെ ജനാസ ലാഹോറിൽനിന്ന് റെയിൽ മാർഗ്ഗം ബട്ടാലവരേയും ബട്ടാലയിൽനിന്ന് സഹാബാക്കൾ ചുമലിലേറ്റി. ഖാദിയാനിലും എത്തിച്ചു.

മെയ് 27-ന് ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ്(റ) ഖലീഫത്തുൽ മസീഹുൽ അവ്വൽ ആയി ഐക്യകണ്ഠ്യേന തിരഞ്ഞെടുക്കപ്പെട്ടു. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ബിഹിശ്തിമഖ്ബറയിൽ മെയ് 27-ന് വൈകിട്ട് 6 മണിക്ക് ഹദ്റത്ത് അഹ്മദ് (അ)ന്റെ ജനാസ നമസ്കാരവും ഖബറടക്കവും നടന്നു.

## ഹദ്റത്ത് അഹ്മദ്(അ)ന്റെ രൂപവിശേഷം

ഹദ്റത്ത് അഹ്മദ്(അ)ന്റെ ശരീരം വല്ലാതെ മെലിഞ്ഞതോ അധികം തടിച്ചതോ അല്ലായിരുന്നു. ഉയരം ഇടത്തരം. തോളും നെഞ്ചും വിശാലം. നിറം വെള്ളകലർന്ന കോതമ്പ്. മുഖം പ്രകാശമാനവും തൂമന്ദഹാസമുള്ളതും. തലമുടി കട്ടികുറഞ്ഞതും നീണ്ടതും ആയിരുന്നു. താടി കനമുള്ളതും സുന്ദരവും. കണ്ണുകൾ കറുപ്പ്

നിറം കലർന്ന മഞ്ഞ. ദൃഷ്ടികൾ ഏതുസമയത്തും കീഴ്പോട്ടായിരുന്നു. നെറ്റിത്തടം വിശാലവും നേരെയും.

വസ്ത്രം ലളിതമായിരുന്നു. കുർത്ത, ഖമീസ്, പൈജാമ, കോട്ട്, തലപ്പാവ് എന്നിവ ധരിച്ചിരുന്നു. ബനിയൻ ധരിച്ചിരുന്നില്ല. നാടൻ ചെരുപ്പുകളാണ് ഉപയോഗിച്ചിരുന്നത്. പുറത്തേക്കിറങ്ങുമ്പോൾ കയ്യിൽ വടി കരുതുമായിരുന്നു. ഭക്ഷണവും ലളിതമായിരുന്നു. വളരെക്കുറച്ച് സാവധാനത്തിൽ എടുത്താണ് കഴിച്ചിരുന്നത്.

## ഗ്രന്ഥങ്ങൾ

ഹദ്റത്ത് അഹ്മദ്(അ) രചിച്ചിട്ടുള്ള എൺപതിലധികം ഗ്രന്ഥങ്ങൾ റൂഹാനി ഖസായിൻ എന്ന പേരിൽ 23 ഭാഗമായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. അദ്ദേഹം വിവിധ സന്ദർഭങ്ങളിൽ നടത്തിയ ചെറുപ്രഭാഷണങ്ങൾ, ഉപദേശങ്ങൾ, കൂടിക്കാഴ്ചകൾ തുടങ്ങിയവ അദ്ദേഹത്തിന്റെ സ്വഹാബാക്കൾ അക്കാലത്തു തന്നെ സ്വരൂപിച്ചിട്ടുണ്ട്. മൽഫൂസാത്ത് എന്ന പേരിൽ ഇത് 5 ഭാഗമായി ഇപ്പോൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ കത്തിടപാടുകൾ മക്തൂബാത്തെ അഹ്മദിയ്യ എന്നും, വിളംബരങ്ങൾ ഇശ്തിഹാറാത്ത് (3 ഭാഗം) എന്നും അറിയപ്പെടുന്നു. ഹദ്റത്ത് അഹ്മദ്(അ) വിവിധ ഗ്രന്ഥങ്ങളിൽ എഴുതിയിട്ടുള്ള വിശുദ്ധഖുർആൻ ആയത്തുകളുടെ വിശദീകരണങ്ങൾ തഫ്സീർ ഹദ്റത്ത് മസീഹ് മൗഊദ് (അ) എന്ന പേരിലും (3 ഭാഗം) വഹ്യ്കളും ഇൽഹാമുകളും ദർശനങ്ങളും തദ്കിറ എന്ന പേരിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഹദ്റത്ത് അഹ്മദ്(അ)ന്റെ വിവിധ ഗ്രന്ഥങ്ങളിലുള്ള ഉർദു, ഫാർസി പദ്യങ്ങൾ ദുർറെസമീൻ എന്ന പേരിലും അറബിപദ്യങ്ങൾ അൽഖസായിദത്തുൽ അഹ്മദിയ്യ എന്ന പേരിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## ഹദ്റത്ത് അഹ്മദ്(അ) ന്റെ ഗ്രന്ഥങ്ങൾ

1. ഏക് ഈസായീകെ തീൻ സവാലാത്ത്കാ ജവാബ്
2. പുരാനി തഹ്രീറേൻ
3. ബറാഹീനെ അഹ്മദിയ്യാ
4. സുർമ ചശ്മ ആര്യ
5. ശഹ്നയെ ഹഖ്
6. സബ്സ് ഇശ്തിഹാർ
7. ഫത്ഹെ ഇസ്ലാം
8. തൗസീഹെ മറാം
9. ഇസാലെ ഔഹാം
10. അൽഹഖ് ലുധിയാനാ
11. അൽഹഖ് ദിഹിലി
12. ആസ്മാനി ഫയ്സലാ
13. നിശാനെ ആസ്മാനി
14. ആയിനയെ കമാലാത്തെ ഇസ്ലാം

15. ബറക്കാത്തുദ്ദുആ
16. സച്ചായീകാ ഇസ്ഹാർ
17. ഹുജ്ജത്തുൽ ഇസ്ലാം
18. ജംഗെ മുഖദ്ദസ്
19. ശഹാദത്തുൽ ഖുർആൻ
20. തുഹ്ഫയെ ബഗ്ദാദ്
21. കറാമാത്തുസ്സ്വാദിഖീൻ
22. ഹമാമത്തുൽ ബുശ്റാ
23. നൂറുൽ ഹഖ്
24. ഇത്മാമെ ഹുജ്ജത്ത്
25. സിർറുൽ ഖിലാഫഃ
26. അൻവാറുൽ ഇസ്ലാം
27. മിനനുർ റഹ്മാൻ
28. സിയാഉൽ ഹഖ്
29. നൂറുൽ ഖുർആൻ
30. മിഅ്യാറുൽ മദാഹിബ്
31. ആര്യ ധറം
32. സത് ബജൻ
33. ഇസ്ലാമീ ഉസൂൽകീ ഫിലാസഫി
34. അഞ്ചാമെ ആഥിം
35. സിറാജെ മുനീർ
36. ഇസ്തിഫ്താ
37. ഹുജ്ജത്തുല്ലാഹ്
38. തുഹ്ഫയെ ഖയ്സിരിയ്യഃ
39. ജൽസയെ അഹ്ബാബ്
40. മഹ്മൂദ് കീ ആമീൻ
41. സിറാജുദ്ദീൻ ഇസായീകെ ചാർ സവാലോംകാ ജവാബ്
42. കിതാബുൽ ബരിയ്യഃ
43. അൽബലാഗ്
44. സറൂറത്തുൽ ഇമാം
45. നജ്മുൽ ഹുദാ
46. റാസെ ഹഖീഖത്ത്
47. കശ്ഫുൽഗത്വാ
48. അയ്യാമുസ്സുൽഹ്
49. ഹഖീഖത്തുൽ മഹദി
50. മസീഹ് ഹിന്ദുസ്ഥാൻമേം
51. സിത്താരയെ ഖയ്സിരിയ്യഃ
52. തിർയാഖുൽ ഖുലൂബ്
53. തുഹ്ഫയെ ഗസ്നവിയ്യഃ
54. റൂയിദാദ് ജൽസ ദുആ
55. ഖുത്വ്ബ ഇൽഹാമിയ
56. ലുജ്ജത്തുന്നൂർ
57. ഗവ:അംഗ്രേസ്ഔർ ജിഹാദ്
58. തുഹ്ഫയെ ഗോൾഡവിയാ
59. അർ ബഈൻ
60. ഇഅ്ജാസുൽ മസീഹ്
61. ഇക് ഗലത്തി കാ ഇസാലാ
62. ദാഫിഉൽ ബലാ
63. അൽഹുദാ
64. നുസൂലുൽ മസീഹ്
65. കിശ്തിനൂഹ്
66. തുഹ്ഫത്തുന്നദ്വ
67. ഇഅ്ജാസെ അഹ്മദി
68. റിവ്യൂ ബർ മുബാഹിസാ ബട്ടാലവി വ ചക്ടാലവി
69. മവാഹിബുർ റഹ്മാൻ
70. നസീമെ ദഅ്വത്ത്
71. സനാതൻ ധറം
72. തദ്കിറത്തു ശഹാദത്തൈൻ
73. സീറത്തുൽ അബ്ദാൽ
74. ലക്ച്ചർ ലാഹോർ
75. ലക്ച്ചർ സിയാൽകോട്ട്
76. അഹ്മദി വ ഗയ്ർ അഹ്മദി മേം ഫർഖ്
77. ലക്ച്ചർ ലുധിയാന
78. അൽവസിയ്യത്ത്
79. ചശ്മയെ മസീഹീ
80. തജല്ലിയാത്തെ ഇലാഹിയാ
81. ഖാദിയാൻകെ ആര്യ ഔർഹം
82. ഹഖീഖത്തുൽ വഹ്യ്
83. ചശ്മയെ മഅ്രിഫത്ത്
84. പൈഗാമെ സുൽഹ്

# ഹദ്റത്ത് അഹ്മദ്(അ)ഉം ഖലീഫമാരും




ഹദ്റത്ത് അഹ്മദ് (അ)
വാഗ്ദത്ത മഹ്ദീ മസീഹ്
1835 – 1908




ഹ:അൽഹാജ് ഹകീം
മൗലാനാ നൂറുദ്ദീൻ (റ)
ഖലീഫത്തുൽ മസീഹ് അവ്വൽ
1908 – 1914*




ഹ:മിർസാ ബശീറുദ്ദീൻ
മഹ്മൂദ് അഹ്മദ് (റ)
ഖലീഫത്തുൽ മസീഹ് സാനി
1914 – 1965*



ഹ:മിർസാ നാസിർ അഹ്മദ്(റഹ്)
ഖലീഫത്തുൽ മസീഹ് സാലിസ്
1965 – 1982*



ഹ:മിർസാ ത്വാഹിർ അഹ്മദ്(റഹ്)
ഖലീഫത്തുൽ മസീഹ് റാബിഅ്
1982 – 2003*



ഹ:മിർസാ മസ്റൂർ അഹ്മദ്
(അയ്യദഹുല്ലാഹ്)
ഖലീഫത്തുൽ മസീഹ് ഖാമിസ്
2003*

* ഖിലാഫത്ത് കാലം


# ഹദ്റത്ത് അഹ്മദ്(അ)ന്റെ ചില സ്വഹാബാക്കൾ


ഹ: മൗലാനാ അബ്ദുൽകരീം സിയാൽകോട്ടി (റ)


ഹ: മുൻശി സഫർ അഹ്മദ് (റ)


ഹ: മുൻശി അറോഡേ ഖാൻ(റ)


ഹ: ഇഫ്തിഖാർ അഹ്മദ്(റ)


ഹ:ഹകീം ഫസ്ലുദ്ദീൻ(റ)


ഹ: സയ്യിദ് മഹ്ദി ഹുസൈൻ(റ)


ഹ: ഡോ. ഖലീഫാ റശീദുദ്ദീൻ (റ)
( ഹ. ഖലീഫത്തുൽ മസീഹ് സാലിസ് (റഹ്) യുടെ മാതാമഹൻ)


ഹ: ഭായി അബ്ദുർറഹ്മാൻ ഖാദിയാനി (റ)


ഹ: മൗലവി ഗുലാം റസൂൽ രാജ്കി (റ)
(കേരളം സന്ദർശിച്ചിട്ടു്)



ഹ: മിയാം അഹ്മദ് നൂർ ഖാബിലി (റ)


ഹ: ശഹ്സാദാ അബ്ദുല്ലത്തീഫ് ശഹീദ് (റ)
(കാബൂളിൽ ശഹീദാക്കപ്പെട്ടു)


ഹ: അൽഹാജ് മൗലവി ഖുദ്റത്തുല്ലാഹ് (റ)


ഹ:മൗലാനാമലിക്ഗുലാം ഫരീദ്(റ)
(വിശുദ്ധഖുർആന് ഇംഗ്ലീഷിൽ വിവർത്തനം എഴുതിയിട്ടു്)


ഹ:ശേഖ് യഅ്ഖൂബ്അലി ഇർഫാനി(റ)
(ഇദ്ദേഹത്തിന്റെ പുത്രൻ ഹ. ശേഖ് മഹ്മൂദ് അഹ്മദ് ഇർഫാനി ആണ് കേരളത്തിൽ ആദ്യം നിയോഗിക്കപ്പെട്ട മുബല്ലിഗ്)



ഹ: മൗലവി ശേർ അലി (റ)
(വിശുദ്ധഖുർആന് ഇംഗ്ലീഷിൽ വിവർത്തനം എഴുതിയിട്ടു്)


ഹ: ഖാദി മുഹമ്മദ് അബ്ദുല്ല (റ)


ഹ:ഡോ. ഹശ്മത്തുല്ലാഹ് ഖാൻ(റ)


ഹ:ചൗധരി സർ മുഹമ്മദ് സഫറുല്ലാഹ് ഖാൻ(റ)
(ഒന്നാമത്തെ പാക് വിദേശകാര്യ മന്ത്രിയും മുൻ ലോക കോടതി അദ്ധ്യക്ഷനുമാണ്)


ഹ:ചൗധരി നസറുല്ലാഹ് ഖാൻ(റ)
(ഹ. സർ മുഹമ്മദ് സഫറുല്ലാഹ് ഖാൻ (റ) ന്റെ പിതാവ്)


ഹ:ഡോ. സയ്യിദ് അബ്ദുസ്സത്താർ ശാഹ്(റ)
(ഹ. ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്) യുടെ മാതാമഹൻ)


ഹ:മൗലാനാ അബ്ദുർറഹീം നയ്യർ(റ)
(കേരളം സന്ദർശിച്ചിട്ടു്)


ഹ:മൗലവി അബ്ദുർറഹീം ദർദ്(റ)


ഹ:മൗലവി മുഹമ്മദ് അബ്ദുർ റഹീം ബഖാപൂരി(റ)


ഹ:മൗലവി അബ്ദുർറഹ്മാൻ ജട്ട് (റ)
(ഹ. മിയാൻ സാഹിബിന് മുമ്പ് നാസിർ അഅ്ലാ (ഖാദിയാൻ) ആയിരുന്നു്)


ഹ: മിർസാ ബശീർ അഹ്മദ് (റ)


ഹ:മിർസാ ശരീഫ് അഹ്മദ് (റ)

(ഹ. അഹ്മദ് (അ) ന്റെ പുത്രന്മാർ)


ഹ:മിർസാ സുൽത്താൻ അഹ്മദ് (റ)
(ഹ. അഹ്മദ് (അ) ന്റെ ആദ്യഭാര്യയിലുള്ള മൂത്തപുത്രൻ)


ഹ:മീർ നാസിർ നവാബ് (റ)
(ഹ. അഹ്മദ് (അ) ന്റെ ശ്വശുരൻ)


ഹ:നവാബ് മുഹമ്മദലി ഖാൻ(റ)
(ഇദ്ദേഹം ഹ. മസീഹ് മൗഊദ്(അ)ന്റെ മൂത്തമകൾ ഹ. നവാബ് മുബാറക്കാ ബേഗം സാഹിബ(റ.അ)യുടെ ഭർത്താവാണ്


ഹ:നവാബ് മുഹമ്മദ് അബ്ദുല്ലാ ഖാൻ (റ)
(ഇദ്ദേഹം ഹ. അഹ്മദ്(അ)ന്റെ പുത്രി ഹ. അമത്തുൽ ഹഫീസ് സാഹിബ(റ)അ യുടെ ഭർത്താവാണ്)


ഹ:ഡോ. മുഹമ്മദ് ഇസ്മാഈൽ(റ)


ഹ:മീർ മുഹമ്മദ് ഇസ്ഹാഖ് (റ)


(ഹ. മസീഹ് മൗഊദ്(അ)ന്റെ ഭാര്യാസഹോദരന്മാരാണ്)


ഹ:സയ്യിദ് സർവർശാഹ് (റ)


ഹ:സയ്യിദ് സയ്നുൽ ആബിദീൻ വലിയുല്ലാഹ് ശാഹ് (റ)



ഹ:ചൗധരി ഫതഹ് മുഹമ്മദ് സിയാൽ (റ)



ഹ:ഹാജി മീറുൻബഖ്ശ് ഖുറൈശി ശഹീദ് (റ)


ഹ:സൂഫി ഗുലാം മുഹമ്മദ് (റ)



ഹ:മൗലവി ഉമറുദ്ദീൻ (റ)


ഹ:മുഹമ്മദ്ദീൻ (റ)



ഹ:മൗലവി മുഹമ്മദ് ഇസ്ഹാഖ് (റ)


ഹ:ഡോ. ഫയ്സ് അലി സ്വാബിർ (റ)


ഹ:മുഹമ്മദ് ഹസൻ മൂസാ (റ)



ഹ:ചൗധരി ഫതഹ്ദീൻ (റ)


ഹ:മുഹമ്മദ് ഫസ്ൽദീൻ(റ)


ഹ:ആഗാ മുഹമ്മദ് അബ്ദുല്ലാ(റ)


ഹ:സൂഫി മുഹമ്മദ് റഫീഅ് (റ)


ഹ: ഡോ. മുഹമ്മദ് ബഖ്ശ് (റ)


ഹ:മുൻശി സിറാജുദ്ദീൻ(റ)



ഹ:ഖാൻബഹദൂർഗുലാം മുഹമ്മദ്ഖാൻ(റ)




ഹ:അബ്ദുല്ലാ സന്നൗരി (റ)
(ഹ. അഹ്മദ്(അ)നുായ ചുവന്ന മഷിത്തുള്ളികൾ വീണ ദൃഷ്ടാന്തത്തിന് സാക്ഷിയായ സ്വഹാബി)



ഹ:മുഫ്തി മുഹമ്മദ് സ്വാദിഖ് (റ)
(കേരളം സന്ദർശിച്ചിട്ടു്)



ഹ:മൗലവി അത്വാ മുഹമ്മദ് (റ)




ഹ:മുഹമ്മദ് അബ്ദുസ്സമദ് ദഹ്ലവി(റ)




ഹ:ബാബു ഫതഹ് മുഹമ്മദ് ശർമ(റ)




ഹ:മൗലാനാ സുൽഫിക്കർ അലി ഗൗഹർ (റ)



ഹ:മുഹമ്മദ് ഹുസയ്ൻ(റ)
(ഏറ്റവും ഒടുവിൽ വഫാത്തായ സ്വഹാബി)



**ഹദ്റത്ത് അഹ്മദ്(അ)ന്റെ മഖ്ബറയിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ) ദുആ ചെയ്യുന്നു**



**മിനാരത്തുൽ മസീഹ് മസ്ജിദ് അഖ്സയും മസ്ജിദ് മുബാറകും അടങ്ങുന്ന ഒരു ദൃശ്യം**

**ഈ പുസ്തകം തയ്യാറാക്കാൻ അവലംബിച്ച ഗ്രന്ഥങ്ങൾ**


1. ഹയാതെ ത്വയ്യിബ- ഗ്രന്ഥകർത്താവ്:ഹ. ശേഖ് അബ്ദുൽഖാദിർ സോദാഗർമൽ (റ)

2.ഹദ്റത്ത് അഹ്മദ്(അ) (മലയാളം)- എൻ. അബ്ദുർ റഹീം സാഹിബ് മർഹൂം, വാള്യം 1, 2

3. അഹ്മദിയ്യാ സ്വദ്സാല സോവനീർ കറാച്ചി 1989

4. ദിക്റെ ഹബീബ്- ഹദ്റത്ത് മുഫ്തി മുഹമ്മദ് സ്വാദിഖ് സാഹിബ്(റ)

5. തദ്കിറ (ഉർദു)

6. ഹയാത്തെ അഹ്മദ് - ഹദ്റത്ത് ശേഖ് യഅ്ഖൂബ് അലി സാഹിബ് ഇർഫാനി